# ജീവദീപ്തി

jeevadeepthi@gmail.com

August 2026 Book 08 Volume 16



# സ്വർഗത്തിന്റെ പൂമുഖപ്പടിയിൽ നിന്നെയും കാത്ത്...

സ്വർഗത്തിന്റെ വാതിലുകൾ തുറന്നു കിടപ്പുണ്ടായിരുന്നു.
ഉമ്മറക്കോലായിൽ ദൈവം താഴേക്കു നോക്കിയിരുന്നു.
പിന്നെ പൂമുഖപ്പടിയിൽ ഒരു കാത്തുനില്പാണ്.
ഭൂമിയിൽ സവിശേഷ ജന്മത്തിനായുള്ള കാത്തിരിപ്പ്!
ഒടുവിൽ സുകൃതം നിറഞ്ഞ ദമ്പതികൾ അനുഗൃഹീതരായി.
അവരിൽ നിന്നൊരുവൾ പിറന്നു- അമലയായി.
ദൈവം അവളെ പേരുചൊല്ലി വിളിച്ചു-മറിയം!
അവൾ ദൈവാലയത്തിൽ വളർന്നു വന്നു-
വിവാഹ നിശ്ചയം കഴിഞ്ഞവൾക്ക് മംഗളവാർത്ത!
ദൈവപുത്രന്റെ അമ്മയാകുവാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.
അവൾ പറഞ്ഞു- 'ഇതാ കർത്താവിന്റെ ദാസി'!
ദൈവം മറിയത്തിന്റെ മടിത്തട്ടിൽ പുഞ്ചിരിച്ചു.
അവളുടെ കൈകളിലൂടെ ദൈവപുത്രൻ വളർന്നു.
തുണയേകി കാന്തനാം ജോസഫും കൂടെ നിന്നു.
പിന്നെ ഒരു യാത്രയായിരുന്നു-വ്യാകുല വഴികളിൽ
തളരാതെ, ദൈവം കാണിച്ച വഴികളിലൂടെയുള്ള യാത്ര!
ആ യാത്ര കാൽവരിയിൽ അവസാനിച്ചില്ല-
ഉത്ഥാന വഴിയിലൂടെ സ്നേഹമയിയായ അമ്മയുടെ യാത്ര.
മകന്റെ ശിഷ്യരെ ബലപ്പെടുത്തിയ ഒരമ്മ!
ഒടുവിൽ അവൾക്കും സമയമായി, മറ്റൊരു യാത്രയ്ക്ക്-
ദൈവം തുറന്നിട്ട സ്വർഗവാതിലിലൂടെയുള്ള ഒരു യാത്ര-
മറിയത്തിന്റെ സ്വർഗാരോപണം-സ്വർഗം ആനന്ദിച്ചു.
അവൾ രാജ്ഞിയായി-സ്വർഗവും ഭൂമിയും പ്രകാശിച്ചു!
സ്വർഗത്തിന്റെ വാതിലുകൾ ഇപ്പോഴും തുറന്നു കിടക്കുന്നു-
പിതാവും പുത്രനും പരിശുദ്ധാത്മാവും പരിശുദ്ധ അമ്മയും
സ്വർഗത്തിന്റെ പൂമുഖപ്പടിയിൽ നിൽക്കുന്നു, നിന്നെയും കാത്ത്...



ഫാ. എബിജിൻ
അറക്കൽ



# ജീവദീപ്തി

JEEVADEEPTHI

August 2026 Vol 16 Book 08


രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

സഹരക്ഷാധികാരി
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

ചീഫ് എഡിറ്റർ
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സഹപത്രാധിപർ
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർമാർ
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

രൂപകല്പന
ടാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

ഓഫീസ് മാനേജർ
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



01







04


## സ്വതന്ത്രഭാരതത്തിന്റെ ആദ്യ പ്രഭാതം; *ഗാന്ധിജി എവിടെയായിരുന്നു?*

*1947 ഓഗസ്റ്റ് 15-ാം തീയതി. ഡൽഹിയിലെ ചെങ്കോട്ടയും പാർലമെന്റ് മന്ദിരവും ചരിത്രത്തിന്റെ വലിയൊരു ആഘോഷത്തിലായിരുന്നു. നൂറ്റാണ്ടുകൾ*



## സ്വർഗത്തിന്റെ പൂമുഖപ്പടിയിൽ നിന്നെയും കാത്ത്...

സ്വർഗത്തിന്റെ വാതിലുകൾ തുറന്നു കിടപ്പുണ്ടായിരുന്നു. ഉമ്മറക്കോലായിൽ ദൈവം താഴേക്കു



06

## സ്വർഗ്ഗാരോപണത്തിന്റെ ആത്മീയ സൗന്ദര്യം

മനുഷ്യചരിത്രത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ കാലഘട്ടങ്ങളിലൊന്നാണ് നമ്മുടേത്. ഓരോ ദിവസവും പുതിയ, പുതിയ





## സ്വാതന്ത്ര്യദിനം വെറും അവധി ദിനമല്ല....

ലിയോ പതിനാലാമൻ പാപ്പ സ്പെയിനിലെ മാഡ്രിഡിൽ 2026 ജൂൺ 7 ഞായറാഴ്ച സായാഹ്ന

08


സബർമതി ദൂരെയാണ്...10
സ്വാതന്ത്ര്യം...11
സ്വാതന്ത്ര്യവഴികൾ...12
രാജ്ഘട്ടിലെ ഭഗ്...15
കരുണയുടെ കുട...16
ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ...18
പൗരോഹിത്യം...20
മ്യൂസിക് മിഷനറിമാർ...22
തനിമയാർന്ന ഗാനനിർഝരി...26
ഇതിഹാസ യാത്ര...29
ഒരു നാട്...31
സൗഹൃദം...32
വാർത്തകൾ...35
ബൈബിൾ വിചിന്തനം...38
പിൻമൊഴി...40

# സ്വതന്ത്രഭാരതത്തിന്റെ ആദ്യ പ്രഭാതം; *ഗാന്ധിജി എവിടെയായിരുന്നു?*



**ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്**

*1947 ഓഗസ്റ്റ് 15-ാം തീയതി. ഡൽഹിയിലെ ചെങ്കോട്ടയും പാർലമെന്റ് മന്ദിരവും ചരിത്രത്തിന്റെ വലിയൊരു ആഘോഷത്തിലായിരുന്നു. നൂറ്റാണ്ടുകൾ നീണ്ട ബ്രിട്ടീഷ് അധിനിവേശത്തിന്റെ കൊടിയിറക്കി സ്വതന്ത്ര ഇന്ത്യയുടെ ത്രിവർണ്ണ പതാക വാനിലുയരുമ്പോൾ ദശലക്ഷക്കണക്കിന് ജനങ്ങൾ ആനന്ദക്കണ്ണീരൊഴുക്കി. ഭാരതീയർ ഒന്നടങ്കം പുതിയൊരു പുലരിയെ വരവേൽക്കാൻ തെരുവിലിറങ്ങി. എന്നാൽ, ഈ സ്വാതന്ത്ര്യത്തിലേക്ക് ഒരു ജനതയെ മുഴുവൻ കൈപിടിച്ചു നടത്തിയ ആ മനുഷ്യൻ, ഭാരതത്തിന്റെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി അപ്പോൾ എവിടെയായിരുന്നു?*

ആഘോഷങ്ങളുടെ വെളിച്ചം നിറഞ്ഞ ഡൽഹിയിലായിരുന്നില്ല അദ്ദേഹം. പകരം, ഡൽഹിയിൽ നിന്നും നൂറുകണക്കിന് മൈലുകൾ അകലെ കൊൽക്കത്തയിലെ (അന്നത്തെ കൽക്കട്ട) ബേലിയഘട്ട എന്ന ദരിദ്രവും കലാപബാധിതവുമായ ഒരു പ്രദേശത്തെ 'ഹൈദരി മൻസിൽ' എന്ന പഴയൊരു കെട്ടിടത്തിലായിരുന്നു ഗാന്ധിജി.

***വിഭജനത്തിന്റെ മുറിവുകളും പശ്ചാത്തലവും***

മതത്തിന്റെ പേരിൽ മനുഷ്യൻ മനുഷ്യനെ വേട്ടയാടിയ കൊടും ക്രൂരതയുടെ ചോരപ്പാടുകൾ ഉണങ്ങാത്ത തെരുവുകളായിരുന്നു അന്ന് കൊൽക്കത്തയിലേത്. 1946 ഓഗസ്റ്റിൽ നടന്ന 'ഡയറക്ട് ആക്ഷൻ ഡേ'യെ തുടർന്ന് ബംഗാളിൽ പൊട്ടിപ്പുറപ്പെട്ട വർഗീയ വിദ്വേഷത്തിന്റെ തീ ജ്വാലകൾ അടങ്ങിയിരുന്നില്ല. ഇതിനുമുമ്പ് നവഖാലിയിലെ (ഇന്നത്തെ ബംഗ്ലാദേശ്) ഗ്രാമങ്ങളിൽ നഗ്ന പാദനായി നടന്ന്, ഹിന്ദു-മുസ്ലിം സൗഹാർദ്ദം വീണ്ടെടുക്കാൻ ഗാന്ധിജി വലിയ ശ്രമങ്ങൾ നടത്തി യിരുന്നു. നവഖാലിയിൽ നിന്ന് ബിഹാറിലേക്ക് പോകാൻ തയ്യാറെടുക്കുമ്പോഴാണ് കൊൽക്കത്തയിൽ വീണ്ടും കലാപത്തിന്റെ രണ്ടാം തരംഗം ഉണ്ടാകുന്നത്. കൊൽക്കത്തയിലെ ജനങ്ങൾ ബാപ്പുവിന്റെ മുന്നിൽ കണ്ണീരോടെ അഭയം തേടി. അതോടെ, കത്തുന്ന നഗരത്തെ ശാന്തമാക്കാതെ തനിക്ക് മടങ്ങാനാകില്ലെന്ന് ആ വൃദ്ധൻ ഉറപ്പിച്ചു.

സ്വാതന്ത്ര്യമെന്നത് ഭൂമിശാസ്ത്രപരമായ അതിരുകൾ പങ്കിട്ടെടുക്കലല്ലെന്നും, മറിച്ച് ഹൃദയങ്ങളെ തമ്മിൽ ഭിന്നിപ്പിക്കലാണെന്നും കണ്ട് ആ മനസ്സ് വിങ്ങിപ്പൊട്ടിയിരുന്നു. ഭാരതത്തിന്റെ വിഭജനം അദ്ദേഹത്തിന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഭാരതത്തെ വെട്ടിമുറിച്ചു കൊണ്ടുള്ള സ്വാതന്ത്ര്യം അദ്ദേഹം ആഗ്രഹിച്ചതായിരുന്നില്ല.

***ഹൈദരി മൻസിലിലെ ശാന്തിദൂതൻ***

കൊൽക്കത്തയിലെത്തിയ ഗാന്ധിജി ആഡംബരങ്ങളൊന്നുമില്ലാത്ത, മുസ്ലിം ജനവിഭാഗങ്ങൾ താമസിച്ചിരുന്ന ബേലിയഘട്ടയിലെ 'ഹൈദരി മൻസിൽ' എന്ന പഴയ കെട്ടിടമാണ് തന്റെ താമസ സ്ഥലമായി തിരഞ്ഞെടുത്തത്. മുസ്ലിം ലീഗ് നേതാവും ബംഗാൾ മുൻ പ്രധാനമന്ത്രിയുമായിരുന്ന എച്ച്.എസ്. സുഹ്റ വർദിയോട് തനിക്കൊപ്പം താമസിക്കാൻ ഗാന്ധിജി ആവശ്യപ്പെട്ടു. പര സ്പരം സംശയിച്ചു കഴിഞ്ഞിരുന്ന ഇരുവിഭാഗങ്ങളെയും ഒന്നിപ്പിക്കാൻ ഇത് അത്യാവശ്യമാണെന്ന് അദ്ദേഹം കരുതി.

തുടക്കത്തിൽ പ്രകോപിതരായ ജനക്കൂട്ടം ഗാന്ധിജിക്ക് നേരെ കല്ലെറിയുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തു. എന്നാൽ ആയുധങ്ങളുമായി തന്നെ ആക്രമിക്കാൻ വന്ന യുവാക്കളെ നേരിടാൻ ആ വൃദ്ധൻ കാണിച്ച ആത്മബലം അത്ഭുതപ്പെടുത്തുന്ന തായിരുന്നു. അദ്ദേഹം അവരോട് ശാന്തമായി സംസാരിച്ചു, അവരുടെ ഉള്ളിലെ മനുഷ്യത്വത്തെ ഉണർത്തി. ബാപ്പുവിന്റെ സ്നേഹ ത്തിന് മുന്നിൽ തോറ്റ ആ യുവാ ക്കൾ തങ്ങളുടെ കയ്യിലുണ്ടാ യിരുന്ന വാളുകളും തോക്കുകളും അദ്ദേഹ ത്തിന്റെ കാൽക്കൽ സമർപ്പിച്ചു.

***ഓഗസ്റ്റ് 15: ഉപവാസവും പ്രാർത്ഥനയും***

രാജ്യം മുഴുവൻ സ്വാതന്ത്ര്യദിനം

ആഘോഷിക്കുമ്പോൾ, ഓഗസ്റ്റ് 15-ന് പുലർച്ചെ 3 മണിക്ക് തന്നെ ഗാന്ധിജി ഉണർന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇത് ആഘോഷിക്കാനുള്ള ദിവസമല്ല, മറിച്ച് പ്രായശ്ചിത്തം ചെയ്യേണ്ട ദിവസമായിരുന്നു. ഒരു തുണ്ട് മധുരം പോലും കഴിക്കാതെ, ഉപവാസത്തിലും പ്രാർത്ഥനയിലും ചരടുനൂൽപ്പിലുമായിട്ടാണ് അദ്ദേഹം ആ ചരിത്രദിനം ചെല വഴിച്ചത്.

***തനിക്ക് സ്വാതന്ത്ര്യദിന ആശംസകൾ നേരാൻ വന്ന വാർത്താവിനിമയ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരോട്, 'എന്റെ ഹൃദയം വല്ലാതെ വരണ്ടിരിക്കുന്നു, ഇവിടെ ആഘോഷിക്കാൻ ഒന്നുമില്ല'. എന്നാണ് ബാപ്പു പ്രതികരിച്ചത്. ആ ചരിത്രമുഹൂർത്തത്തിൽ ലോകത്തോട് സംസാരിക്കാൻ ആവശ്യപ്പെട്ട ബിബിസി പ്രതിനിധിയോട്, തന്റെ ഉള്ളിലെ വാക്കുകൾ വറ്റിപ്പോയിരിക്കുന്നു എന്നു പറഞ്ഞ് അഭിമുഖം നൽകാൻ പോലും അദ്ദേഹം വിസമ്മതിച്ചു. ഗാന്ധിജിക്ക് സ്വാതന്ത്ര്യം എന്നാൽ കേവലം അധികാരക്കൈമാറ്റമായിരുന്നില്ല, മറിച്ച് ഹൃദയങ്ങൾ തമ്മിലുള്ള ഐക്യമായിരുന്നു.***

***ഒറ്റയാൾ അതിർത്തി രക്ഷാസേന***

അക്കാലത്ത് ഭാരത-പാക്കിസ്ഥാൻ അതിർത്തിയായ പഞ്ചാബിൽ വിഭജനത്തെ തുടർന്ന് ഭീകരമായ വംശഹത്യകൾ നടക്കുകയായിരുന്നു. കലാപം തടയാൻ ബ്രിട്ടീഷ് ഭരണകൂടം 55,000 പേരടങ്ങുന്ന വലിയൊരു സൈന്യത്തെയാണ് പഞ്ചാബിൽ വിന്യസിച്ചിരുന്നത്. എന്നാൽ അവിടെ ചോരപ്പുഴ ഒഴുകുന്നത് തടയാൻ ആ സൈന്യത്തിന് കഴിഞ്ഞില്ല.

ഇതേ സമയത്താണ് കൊൽക്കത്തയിലെ ഒരു പഴയ കെട്ടിടത്തിലിരുന്ന് തന്റെ ആത്മബലം കൊണ്ട് മാത്രം ഗാന്ധിജി ബംഗാളിലെ കലാപത്തെ ശാന്തമാക്കിയത്. ഈ അത്ഭുതം കണ്ട് അന്നത്തെ വൈസ്രോയി ലൂയി മൗണ്ട് ബാറ്റൺ പ്രഭു ഗാന്ധിയെ വിശേഷിപ്പിച്ചത് 'ഒരാൾ മാത്രമുള്ള അതിർത്തി രക്ഷാസേന' എന്നാണ്. ലക്ഷക്കണക്കിന് വരുന്ന സൈന്യത്തിന് കഴിയാതിരുന്നത് കൽക്കട്ടയിലെ ആ വൃദ്ധൻ തന്റെ സ്നേഹവും ഉപവാസവും കൊണ്ട് സാധിച്ചു എന്ന് മൗണ്ട് ബാറ്റൺ കത്തുകളിലൂടെ സമ്മതിച്ചു. അധികാരം പങ്കിട്ടെടുക്കുന്നതിലും മന്ത്രിസഭ രൂപീകരിക്കുന്നതിലും മറ്റ് നേതാക്കൾ ശ്രദ്ധ കേന്ദ്രീകരിച്ച പ്പോൾ, ഗാന്ധിജി ജനങ്ങളുടെ കണ്ണീരൊപ്പുന്ന തിരക്കിലായിരുന്നു.

സ്വാതന്ത്ര്യമെന്നത് ഭരണാധികാരികളുടെ മാറ്റമല്ല, മറിച്ച് പരസ്പര സ്നേഹത്തിന്റെ പുനഃ പ്രതിഷ്ഠയാണെന്ന് കൊൽക്കത്തയിലെ ആ ഏകാന്തതയിലിരുന്ന് ബാപ്പു ലോകത്തെ പഠിപ്പിച്ചു. ഇന്ന് നമ്മൾ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന് പിന്നിൽ ആയുധങ്ങളുടെ ഒച്ചപ്പാടുകളല്ല, മറിച്ച് ഒരു വൃദ്ധന്റെ ആത്മബലവും പ്രാർത്ഥനയും മാത്രമായിരുന്നു എന്ന് നാം തിരിച്ചറിയേണ്ടതുണ്ട് . വർഗീയതയും വിദ്വേഷവും ഇന്നും സമൂഹത്തിൽ പടരുമ്പോൾ, ഹൈദരി മൻസിലിലെ ആ ഏകാന്തതയും പ്രാർത്ഥനയും നമുക്ക് മുന്നിൽ എക്കാലത്തെയും വലിയ പ്രകാശ ഗോപുരമായി നിലകൊള്ളുന്നു. ആ വലിയ ത്യാഗത്തിന്റെ ഓർമ്മപ്പെടുത്തലാവട്ടെ നമ്മുടെ ഓരോ സ്വാതന്ത്ര്യചിന്തകളും.



# സ്വർഗ്ഗാരോപണത്തിന്റെ ആത്മീയ സൗന്ദര്യം



**മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

മനുഷ്യചരിത്രത്തിലെ ഏറ്റവും മനോഹരമായ ഒരു യാത്രാവിവരണമുണ്ട് ക്രൈസ്തവ വിശ്വാസത്തിൽ, അത് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണമാണ്. ഭൂമിയിലെ തന്റെ പുണ്യജീവിതം പൂർത്തിയാക്കിയ ദൈവമാതാവ്, മരണത്തിന്റെ ജീർണ്ണതയ്ക്ക് കീഴ്പ്പെടാതെ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു എന്ന വിശ്വാസം ഒരു സിദ്ധാന്തം മാത്രമല്ല; മറിച്ച്, അത് മനുഷ്യരാശിക്ക് മുഴുവൻ പ്രത്യാശ നൽകുന്ന സ്നേഹത്തിന്റെ പൂർത്തീകരണമാണ്. എല്ലാ വർഷവും ആഗസ്റ്റ് 15-ാം തീയതി ലോകമെമ്പാടുമുള്ള വിശ്വാസികൾ ഈ തിരുനാൾ അത്യന്തം ഭക്തിപൂർവ്വം ആഘോഷിക്കുന്നു.

### *ചരിത്രത്തിന്റെ വഴികളും വിശ്വാസപ്രഖ്യാപനവും*

നൂറ്റാണ്ടുകളായി വിശ്വാസികളുടെ ഹൃദയങ്ങളിൽ ജീവിച്ചിരുന്ന ഈ പാരമ്പര്യത്തിന് 1950 നവംബർ 1-നാണ് കത്തോലിക്കാ സഭ ഔദ്യോഗികമായ വിശ്വാസ സത്യത്തിന്റെ പദവി നൽകിയത്. പിയൂസ് പന്ത്രണ്ടാമൻ മാർപാപ്പ തന്റെ 'മൂണിഫിച്ചേന്തിമൂസ് ദേവൂസ്' എന്ന അപ്പസ്തോലിക പ്രമാണരേഖയിലൂടെയാണ് ഇത് പ്രഖ്യാപിച്ചത്. ഉത്ഭവപാപത്തിന്റെ കറയേൽക്കാത്ത മറിയത്തിന്റെ ശരീരം മണ്ണടിയാൻ ദൈവം അനുവദിച്ചില്ല എന്നതായിരുന്നു ആ പ്രഖ്യാപനത്തിന്റെ കാതൽ.

ഈ തിരുനാളിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ആദ്യകാലങ്ങളിൽ പൗരസ്ത്യ സഭകളിൽ ഇത് 'ദൈവമാതാവിന്റെ നിദ്ര' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മരണത്തിന്റെ വേദനയേക്കാൾ, ഒരു കുഞ്ഞ് ഉറക്കത്തിലേക്ക് വഴുതിവീഴുന്നതുപോലെ ശാന്തമായി മറിയം ഈ ലോകത്തോട് വിട പറഞ്ഞു എന്ന ചിന്തയാണ് ആ പേരിന് പിന്നിൽ. ഏഴാം നൂറ്റാണ്ടോടെ റോമൻ സഭയിലേക്ക് പടർന്ന ഈ തിരുനാൾ, പിന്നീട് ശരീരത്തോടെയുള്ള സ്വർഗ്ഗപ്രവേശനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് 'സ്വർഗ്ഗാരോപണം' എന്ന് വിളിക്കപ്പെട്ടു.

### *വിശുദ്ധ ഗ്രന്ഥത്തിലെ നിഴലുകളും തെളിവുകളും*

ബൈബിളിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് നേരിട്ടുള്ള വിവരണങ്ങൾ ഇല്ലെങ്കിലും, പ്രവചനങ്ങളുടെ നിഴലുകൾ നമുക്ക് കാണാം. വെളിപാടിന്റെ പുസ്തകത്തിൽ യോഹന്നാൻ ശ്ലീഹാ ദർശിച്ച ആകാശത്തിലെ വലിയ അടയാളം മറിയത്തിന്റെ സ്വർഗ്ഗീയ മഹിമയെയാണ് ഓർമ്മിപ്പിക്കുന്നത്:

'സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണപ്പെട്ടു: സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ, ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം.' (വെളിപാട് 12:1)

ഒരു സ്ത്രീയെ അവളുടെ ശരീരഭാഗങ്ങളോടെ (ശിരസ്സ്, പാദം) സ്വർഗ്ഗത്തിൽ ചിത്രീകരിക്കുന്നത് ശരീരത്തോടെയുള്ള സ്വർഗ്ഗാരോപണത്തിന്റെ ദൈവശാസ്ത്രപരമായ സൂചനയാണ്. ചരിത്രപരമായി നോക്കിയാൽ, ലോകത്തിലെവിടെയും മറിയത്തിന്റെ തിരുശേഷിപ്പുകൾ ആദരിക്കപ്പെടുന്നില്ല എന്നതും, ജറുസലേമിലെ ഒഴിഞ്ഞ കല്ലറ മാത്രം അവശേഷിക്കുന്നു എന്നതും ഈ ആകാശയാത്രയ്ക്ക് അടിവരയിടുന്നു.

### *ഈ തിരുനാൾ നമ്മുടെ ഹൃദയത്തോട് സംസാരിക്കുന്നത്...*

സ്വർഗ്ഗാരോപണം മനുഷ്യശരീരത്തിന്റെ വിശുദ്ധിയെക്കുറിച്ചുള്ള വലിയൊരു സന്ദേശമാണ് നൽകുന്നത്. ശരീരം വെറുമൊരു ഭൗതികവസ്തുവല്ല, അത് ദൈവത്തിന്റെ ആലയമാണെന്ന് മറിയത്തിന്റെ ജീവിതം തെളിയിക്കുന്നു. ദൈവപുത്രനെ ഗർഭം ധരിച്ച ആ ശരീരം വിശുദ്ധമായിരുന്നു, അതുകൊണ്ട് തന്നെ അതിന് സ്വർഗ്ഗീയമായ

ആദരവ് ലഭിച്ചു.

എല്ലാത്തിനുമുപരി, നസ്രേത്തിലെ എളിയവളായ ഒരു പെൺകുട്ടിയെ പ്രപഞ്ചത്തിന്റെ രാജ്ഞിയായി ദൈവം ഉയർത്തിയപ്പോൾ, അത് ലോകത്തിലെ എല്ലാ സാധാരണക്കാർക്കും വേദനിക്കുന്നവർക്കും ലഭിച്ച വലിയൊരു പ്രത്യാശയാണ്. ക്രിസ്തുവിൽ വിശ്വസിച്ച് ജീവിച്ചാൽ നാളെ നമുക്കും ലഭിക്കാനിരിക്കുന്ന സ്വർഗ്ഗീയ സൗഭാഗ്യത്തിന്റെ മുൻകൂട്ടിയുള്ള അടയാളമാണ് അമ്മയുടെ ഈ സ്വർഗ്ഗാരോപണം.



## ചിന്താകവിത; കവിതാ ചിന്ത

### *ണാം; ണാം; ണാം...*

എൺപതിലേറെ പ്രായമുള്ള അപ്പന്റെ സ്ഥിരം ചികിത്സകൻ വൈദ്യശിരോമണിയെ കണ്ട് രോഗവിവരം പറയാൻ മൂത്തമകൻ ഓനാച്ചൻ തത്രപ്പെട്ട് ഇല്ലത്തെത്തി. ഭവ്യതയോടെ വിവരം പറഞ്ഞു: അപ്പന് ച്ചിരി വെഷമം കൂടുതലാ. പുതിയ വല്ല ഗുളികേ മറ്റോ...

കവിളകം നിറഞ്ഞ ചർവ്വിത താംബൂലം ഓട്ടു താമ്പാളത്തിലേക്കു വിക്ഷേപിച്ചിട്ട് ശിരോമണി പറഞ്ഞു: സാരല്യ. വേറേ മൂന്ന് ഗുളികങ്ങാട് തരാം. കൈകണ്ട ഔഷധം. ഗുളികച്ചെല്ലം തുറന്ന് കൈയിൽ കിട്ടിയ മൂന്നെണ്ണമെടുത്ത് ഓനാച്ചനു നീട്ടി.

ഇതില് ഒരെണ്ണം ത്രിസന്ധ്യയ്ക്ക് ജീരകവെള്ളത്തിൽ ചാലിച്ച് അങ്ങട് കൊടുക്യാ. പിന്നൊരെണ്ണം അർദ്ധരാത്രീല് കൊടുക്യാ. അപ്പോ, രണ്ടെണ്ണം ശര്യായില്ലേ? മൂന്നാമത്തേത്, രാവിലെ  എഴുന്നേല്ക്യാന്നു വച്ചാൽ, കൊടുക്യാ.

എഴുന്നേറ്റാലോ! ഓനാച്ചൻ സംഭ്രാന്തനായി ചോദിച്ചുപോയി: എഴുന്നേറ്റാലോ; അപ്പോ....

ചർവ്വിത താംബൂലം ഒരിക്കൽക്കൂടി കോളാമ്പിയിലേക്കു വിക്ഷേപിച്ചിട്ട്, നിർവികാരമായ ഒരു ഗുഹാന്തര മുഴക്കത്തോടെ ശിരോമണി മന്ത്രിച്ചു:

അതേ കുട്ടാ. ആയുസ്സിന്റെ കാര്യോല്ലേ? അത് ഭഗവാനല്ലേ നിശ്ച്യള്ളൂ? താൻ പോവല്ല്യേ?

സാന്ദ്രമായി ഓനാച്ചന്റെ ആത്മാവിൽ ഒരു പള്ളിമണി മുഴങ്ങി.

ണാം ണാം ണാം....

*ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി*

# സ്വാതന്ത്ര്യദിനം വെറും അവധി ദിനമല്ല....



***ജിജോ സിറിയക്***
*ചീഫ് സബ് എഡിറ്റർ, മാതൃഭൂമി, കൊച്ചി*

*സ്വാതന്ത്ര്യദിനം ഇന്നൊരു ആഘോഷമാണ്. അവധി ദിനമായതിനാൽ കുടുംബത്തിനും സുഹൃത്തുക്കൾക്കുമൊപ്പം ആഘോഷിക്കാനും അർമാദിക്കുവാനുമുള്ള അവസരമായാണ് പലരും സ്വാതന്ത്ര്യദിനത്തെ കാണുന്നത്. പല തലമുറകളുടെ അക്ഷീണ യത്നമാണ് ആഗസ്റ്റ് 15 – എന്ന വിശ്രമദിനം സൃഷ്ടിച്ചതെന്ന കാര്യം ആരും തന്നെ ഓർക്കാറില്ല. പാരതന്ത്ര്യത്തിന്റെ കത്രിക പൂട്ടിൽ പിറന്നവർക്ക് സ്വാതന്ത്ര്യമെന്നത് ഒരു തീവ്രാഭിലാഷമായിരുന്നു.*

*എന്നാൽ സ്വതന്ത്ര ഇന്ത്യയിൽ പിറന്ന ബഹുഭൂരിപക്ഷത്തിനും അതിന്റെ വൈകാരിക മൂല്യം ഇന്ന് ഉൾക്കൊള്ളാനാകുമോ എന്ന് സംശയമാണ്.*

ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് 79 വർഷം പൂർത്തിയാകുന്നു. ഒരു വ്യക്തിയെ സംബന്ധിച്ച് 79 വയസ് എന്നത് ഒരായുസിന്റെ ആകെ തുകയ്ക്ക് അടുത്തുവരും. ഒരു രാജ്യത്തെ സംബന്ധിച്ചാകട്ടെ അതൊരു ശൈശവ കാലമാണ്. സ്വാഭാവികമായും ബാലാരിഷ്ടതകൾ മാറിവരുന്ന സമയം, സ്വപ്നങ്ങളിലേക്കും പ്രതീക്ഷകളിലേക്കും ചുവടുവെക്കേണ്ട കാലം...

ദീർഘവീക്ഷണമുള്ള ഒരു മികച്ച ഭരണഘടനയുടെ അടിത്തറ യിലാണ് ഇന്ത്യയെന്ന ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം പണിതുയർത്തപ്പെട്ടിരിക്കുന്നത്. വർഗീയ കലാപങ്ങളും യുദ്ധങ്ങളും ജനസംഖ്യയുടെ ആധിക്യം മൂലമുള്ള സ്വാഭാവിക വെല്ലുവിളികളും, അഭയാർഥി പ്രശ്നങ്ങളും പ്രകൃതിക്ഷോഭ മടക്കമുള്ള തിരിച്ചടികളും അതിജീവിച്ചാണ് നമ്മുടെ രാജ്യം ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്നത്. 148 കോടിയോളം വരുന്ന ജനങ്ങൾ, വിവിധ ദേശക്കാർ, ഭാഷകൾ, മതങ്ങൾ, സാംസ്കാരിക വൈചിത്ര്യങ്ങൾ... താങ്ങാൻ പറ്റുന്നതിലധികം വൈവിധ്യങ്ങൾ ഉൾച്ചേർന്നിരിക്കുന്ന ഒരു ഭൂമികയാണ് ഇന്ത്യ എന്ന മഹാരാജ്യം. ഈ വൈവിധ്യങ്ങളെ ഉൾക്കൊള്ളാനും ചേർത്തു പിടിക്കാനുമുള്ള ആർജ്ജവമാണ് യഥാർത്ഥത്തിൽ നമ്മുടെ ശക്തി. വിശാലമായ അർത്ഥത്തിൽ അതിനൊരു ആത്മീയ മൂല്യമുണ്ട്. 'ഈശാവാസ്യമിദം സർവം' എന്ന തിരിച്ചറിവാണ് അതിന്റെ കാതൽ.

സ്വാതന്ത്ര്യം കൈമാറുന്ന വേളയിൽ 'വൈകാതെ ഈ നാട് തമ്മിലടിച്ച് ഛിന്നഭിന്നമായി പോകും' എന്ന് പ്രവചിച്ച ബ്രിട്ടീഷ് നയതന്ത്രജ്ഞരടക്കമുള്ളവർക്കുള്ള മറുപടിയാണ് 80 വയസിലേക്ക് ചുവടുവെക്കുന്ന നമ്മുടെ രാജ്യം. അകത്തുനിന്നും പുറത്തുനിന്നും സുനാമി തിരമാലകൾ പോലെ നിരന്തരം വന്നടിക്കുന്ന പ്രതിസന്ധികളെ തരണം ചെയ്താണ് ഈ രാജ്യം മുന്നോട്ട് കുതിക്കുന്നത്. സാമ്പത്തിക രംഗത്തും ശാസ്ത്ര-സാങ്കേതിക രംഗത്തും അനിഷേധ്യ ശക്തിയായി നാം മാറിയിരിക്കുന്നു. ഈ ആത്മവിശ്വാസമാണ് പരമപ്രധാനം.

സമീപകാലത്ത് ഈ ആത്മവിശ്വാസത്തിൽ വന്നുചേരുന്ന വിള്ളലുകൾ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാകില്ല. യഥാർത്ഥ ഭാരതീയ മൂല്യങ്ങളെയും ദേശീയ ബോധത്തെയും അട്ടിമറിച്ച് അവിടെ കപടമൂല്യങ്ങൾ പ്രതിഷ്ഠിക്കാനുള്ള സംഘടിതവും ബോധപൂർവ്വവുമായ ശ്രമങ്ങൾ വലിയ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. ഇത് അധികാരത്തിനും രാഷ്ട്രീയ നേട്ടങ്ങൾക്കുംവേണ്ടി സവിശേഷമായി പാകപ്പെടുത്തി വിളമ്പുന്ന വിഷമാണെന്ന് പലരും തിരിച്ചറിയുന്നില്ല. വ്യക്തികൾ തമ്മിലും ദേശങ്ങൾ തമ്മിലും മതങ്ങൾ തമ്മിലും വൈരം വളർത്തി മുതലെടുക്കാനുള്ള



ബോധപൂർവ്വമായ ശ്രമങ്ങൾ നമ്മൾ തിരിച്ചറിഞ്ഞേ തീരൂ.സാമൂഹിക മാധ്യമങ്ങളടക്കമുള്ള നവീന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാണ് ഈ വിഷം വിതറൽ നടക്കുന്നത്. കെട്ടുകഥകൾ ഇവിടെ ചരിത്രമാകും, ചരിത്രസത്യങ്ങൾ കെട്ടുകഥകളാകും, അന്ധവിശ്വാസങ്ങൾ ശാസ്ത്ര സത്യങ്ങളാകും. ഇതിനായി നമ്മുടെ വിദ്യാഭ്യാസരംഗത്തെയും ഗവേഷണരംഗത്തെയും വരെ ഉടച്ചുവാർത്തെന്നു വരാം.

***നാളെ, ഗാന്ധിജി മരിച്ചത് ഉണ്ടംപൊരി തൊണ്ടയിൽ കുടുങ്ങിയാണെന്ന് ആരെങ്കിലും പറഞ്ഞെന്ന് വരാം, തൊണ്ടയിൽ കുടുങ്ങിയ ഉണ്ടംപൊരിയുടേതെന്ന മട്ടിലുള്ള എക്സറേ ചിത്രങ്ങൾ പ്രചരിക്കപ്പെടാം. അതല്ല, നാഥുറാം ഗോഡ്സെ എന്നയാളുടെ തോക്കിൽ നിന്നുതിർന്ന വെടിയുണ്ടയാണ് ഗാന്ധിജിയുടെ ജീവൻ അപഹരിച്ചതെന്ന് മറുപടി പറയുന്നവൻ ചിലപ്പോൾ ദേശദ്രോഹിയെന്ന് മുദ്രകുത്തപ്പെടാം. പേരിന്റെയും ഭാഷയുടെയും മതത്തിന്റെയുമൊക്കെ പേരിൽ നിങ്ങളുടെ ദേശസ്നേഹം അളക്കപ്പെടുന്ന ആപത്കരമായ സ്ഥിതിയിലേക്കാണ് കാര്യങ്ങളുടെ പോക്ക്.***

***ഇതിനുപറ്റിയ അന്തരീക്ഷം സൃഷ്ടിക്കാൻ ആദ്യം ഉറപ്പിക്കേണ്ടത് അധികാരമാണ്. അതിന് ജനാധിപത്യത്തെ തന്നെ വിലയ്ക്കുവാങ്ങുന്നു. കുതിരക്കച്ചവടത്തിൽ കോടികൾ മറിയുമ്പോൾ വോട്ട് ചെയ്ത ജനം കഴുതകളായി മാറുന്നു. നീതിന്യായ വ്യവസ്ഥയെ പോലും ചിലപ്പോഴെങ്കിലും വിലയ്ക്കെടുത്തുവോ എന്ന് നാം സംശയിക്കുന്ന സ്ഥിതിയുണ്ട്. ഇതിനുവേണ്ട പണവും പിന്തുണയും കോർപ്പറേറ്റ് കമ്പനികൾ ഉറപ്പാക്കുന്നു.***

വിരലിലെണ്ണാവുന്ന അതിസമ്പന്നരുടെ കീശയിലേക്ക് ധനമെത്തിക്കുന്ന യന്ത്രങ്ങളായി പലപ്പോഴും ഭരണകൂടങ്ങൾ മാറുന്നു എന്നത് സ്വതന്ത്ര ഇന്ത്യ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ദരിദ്രർ കൂടുതൽ ദരിദ്രരാകുന്നു... സമ്പന്നർ അതിസമ്പന്നരാകുന്നു. ഇതിനിടയിൽ വരുന്ന ബഹു ഭൂരിപക്ഷം വരുന്ന മധ്യവർഗം രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള പെടാപ്പാടുമായി ജീവിതം ജീവിച്ചു തീർക്കുന്നു.

***കർഷകരാകട്ടെ നഷ്ടക്കയത്തിൽ മുങ്ങിത്താഴുന്നു. ബുദ്ധിമാൻമാരും പ്രതിഭകളും വിദേശങ്ങളിലേക്ക് ചേക്കേറുന്നു. നീറ്റായിറ്റ് ഒരു നീററ് എക്സാം പോലും നടത്താനാവാത്ത വിധത്തിലേക്ക് രാജ്യത്തെ സംവിധാനങ്ങൾ അധപ്പതിച്ചിരിക്കുന്നു .രാജ്യത്ത് നിന്നിട്ട് കാര്യമില്ലെന്ന് തിരിച്ചറിഞ്ഞ് വലിയ വിഭാഗം യുവജനങ്ങൾ അടിമപ്പണിക്കു പോലും സന്നദ്ധരായി മറുനാടുകളിലേക്ക് പലായനം ചെയ്യുന്നു. ഇതെല്ലാം അരങ്ങേറുമ്പോഴും ബഹുഭൂരിപക്ഷം വരുന്ന ജനത റീൽസിലും ഇൻസ്റ്റഗ്രാമിലും സമയം കളഞ്ഞ് നിസ്സംഗരായി തുടരുന്നു എന്നതാണ് നമ്മളെ ഏറ്റവും ഭയപ്പെടുത്തേണ്ട കാര്യം.***

ചോദ്യങ്ങൾ ചോദിക്കാനുള്ളതാണെന്നും ഉത്തരങ്ങൾ പറയാനുള്ളതാണെന്നും പെരുവിരൽ ചൂണ്ടാനുള്ളതാണെന്നുമുള്ള തിരിച്ചറിവ് നമുക്ക് എവിടെയോ നഷ്ടമായിരിക്കുന്നു. പ്രതികരണ ശേഷി നഷ്ടപ്പെടുന്ന ജനമാണ് ഒരു രാജ്യത്തിന്റെ ദുരന്തം. ചിലിയിൽ നിന്നുള്ള കവി നിക്കോനർ പരായ് കുറിച്ചു...

In america liberty is a statue-

അമേരിക്കയിൽ സ്വതന്ത്ര്യമെന്നത് ഒരു പ്രതിമയാണ്... നമ്മുടെ രാജ്യത്തോ...? പാറ്റകൾ ചിറക് വിടർത്തുന്നുണ്ട്? ജെൻസി തലമുറയുടെ ചോദ്യങ്ങൾ അഗ്നിപടർത്തുന്നുണ്ട്. വായനയുടെയും ചിന്തയുടെയും സർഗാത്മക സംവാദത്തിന്റെ നഷ്ടപ്പെട്ട വഴികൾ തിരിച്ചുപിടിച്ചാൽ സ്വാതന്ത്ര്യത്തിന്റെ മൂല്യംകൂടുതൽ ആഴത്തിൽ നമുക്ക് ബോധ്യപ്പെടും.

# സബർമതി ദൂരെയാണ്




***ജോ ജേക്കബ്***
*മലയാള മനോരമ*
*ചീഫ് ബ്യൂറോ*
*ന്യൂഡെൽഹി*




കഴിഞ്ഞ ഏതാനും വർഷമായി ലോകത്തിലെ സമാധാനത്തിനു തട്ടുകേടു സംഭവിച്ചിട്ടുണ്ട്. ഓരോ വർഷം കഴിയുമ്പോഴും കൂടുതൽ രാജ്യങ്ങൾ സംഘർഷങ്ങളിൽ ഭാഗമാകുന്നു. 2018നും 2025നും ഇടയിൽ ഡ്രോൺ അറ്റാക്കുകൾ 11,500% ആണു വർധിച്ചത്. ആഭ്യന്തര യുദ്ധങ്ങളിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം 2007 മുതൽ 6 മടങ്ങ് വർധിച്ചു.

കഴിഞ്ഞ ഒരു വർഷത്തിനിടെ ആഗോളതലത്തിലെ സമാധാനാന്തരീക്ഷത്തിന്റെ നിലവാരത്തിൽ 0.7 ശതമാനം ഇടിവുണ്ടായെന്നാണു രാജ്യാന്തര ഏജൻസിയായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇക്കണോമിക്സ് ആൻഡ് പീസിന്റെ (ഐഇപി) ഗ്ലോബൽ പീസ് ഇൻഡെക്സിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പറയുന്നത്. ആഗോളതലത്തിൽ സമാധാനാന്തരീക്ഷം മോശമാകുന്നത് തുടർച്ചയായ പന്ത്രണ്ടാം വർഷമാണ്. കഴിഞ്ഞ വർഷം 99 രാജ്യങ്ങളിൽ സമാധാനാന്തരീക്ഷം മോശമായപ്പോൾ, 62 രാജ്യങ്ങളിൽ പുരോഗതി രേഖപ്പെടുത്തി.

യുദ്ധവും കലഹവുമെല്ലാം നമ്മുടെ സ്വാതന്ത്ര്യവുമായി ഇഴചേർന്നു കിടക്കുന്നവയാണ്. പ്രദേശത്തു കലഹങ്ങൾ രൂക്ഷമാകുമ്പോൾ നമ്മുടെ സ്വാതന്ത്ര്യത്തിൽ ഇടിവു തട്ടുന്നു. പശ്ചിമേഷ്യയിലെ സംഘർഷം നോക്കൂ. ഗൾഫ് രാജ്യങ്ങളിൽ കഴിയുന്ന എത്രയോ ആളുകൾക്കാണു സ്വന്തം നാട്ടിലേക്കുള്ള യാത്രകൾ ഉൾപ്പെടെ മാറ്റിവയ്ക്കേണ്ടി വന്നത്. ഇന്റർനെറ്റ് ഉപയോഗത്തിന്റെ നിയന്ത്രണം, സ്വന്തം താമസ സ്ഥലത്തു മാത്രം ചിലവഴിക്കണമെന്ന നിർദേശങ്ങൾ, യാത്രാ വിലക്കുകൾ ഇങ്ങനെ നമ്മുടെ സ്വതന്ത്രജീവിത്തെ ഇതെല്ലാം ബാധിക്കുന്നുണ്ട്. യുദ്ധം നമ്മളെ ബാധിക്കുന്നില്ലെന്നു പലരും ആശ്വസിക്കുകയും ആത്മ വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്യുമ്പോഴും ഇതെല്ലാം മറ്റൊരു തലത്തിൽ നമ്മളെ ബാധിക്കുന്നുവെന്നതാണു വസ്തുത.

ഗ്ലോബൽ പീസ് ഇൻഡക്സിൽ ഐസ്‌ലൻഡാണ് ഒന്നാം സ്ഥാനത്ത്. ന്യൂസീലൻഡ് രണ്ടാമതും സ്വിറ്റ്സർലൻഡ് മൂന്നാമതുമാണെങ്കിൽ ഇന്ത്യ 127–ാം സ്ഥാനത്താണ്. റഷ്യ 163–ാം സ്ഥാനത്തും. ഫെബ്രുവരി 28ന് ആരംഭിച്ച ഇറാൻ യുദ്ധം ആഗോള ജിഡിപിയുടെ 0.6 ശതമാനം ബാധിച്ചുവെന്നാണു പഠനങ്ങൾ. സമാധാനത്തോടെ ജീവിക്കാനുള്ള സ്വാതന്ത്യം ലോകത്തിലെ പകുതിയിലേറെ ജനങ്ങൾക്കു നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണു വാസ്തവം.

ഇതിനിടയിലേക്കാണു എഐ വരുന്നത്. യുദ്ധരംഗത്തു ലക്ഷ്യം കൃത്യമാക്കുന്നതിൽ ഉൾപ്പെടെ എഐ ഉപയോഗിക്കുന്നുവെന്നാണു കണ്ടെത്തൽ. ഉദാഹരണത്തിനു ഗാസയിൽ അൽഗൊരിതം ഉപയോഗിച്ചുള്ള ലക്ഷ്യം നിർണയിക്കൽ രീതി കാരണം ആക്രമണങ്ങൾ വർധിച്ചുവെന്നു പഠനങ്ങളുണ്ട്. ഇസ്രയേൽ സൈന്യം എഐ സഹായത്തോടെ നടത്തിയ പരിശോധനയിൽ 37,000

പലസ്തീനികളെ, ആയുധധാരികളെന്നു സംശയിക്കുന്ന സാഹചര്യമുണ്ടായെന്നാണു റിപ്പോർട്ട്. ഇതിൽ 10 ശതമാനം പിഴവിനു സാധ്യതയുണ്ടെന്നു തിരിച്ചറിഞ്ഞിട്ടും ഇസ്രയേൽ സൈന്യം ആക്രമണം നടത്തിയെന്നും ഒട്ടേറെ സാധാരണക്കാരുടെ ജീവൻ നഷ്ടപ്പെട്ടുവെന്നുമാണു പഠനം.

വർധിച്ചുവരുന്ന സൈനിക ചിലവുകളുടെ ഭാരം തോളിലേറ്റുന്നതു സാധാരണക്കാരനാണ്. ശീതകാലത്തേക്കാൾ അപകടം നിറഞ്ഞ സാഹചര്യമാണ് ഇപ്പോൾ രാജ്യങ്ങൾ തമ്മിലുള്ളതെന്നു പഠനങ്ങൾ വ്യക്തമാക്കുന്നു.

എവിടെയാണു നമ്മുടെ സമാധാനം നഷ്ടപ്പെട്ടത്, നഷ്ടപ്പെടുന്നത്. രാജ്യങ്ങൾ തമ്മിലുള്ള സംഘർഷത്തിന്റെ സാഹചര്യം മാറ്റിനിർത്തിയാലും നമ്മുടെ ഉള്ളിലെ സംഘർഷാവസ്ഥ വർധിക്കുന്നുവെന്നാണു പഠനങ്ങൾ. മാനസിക സമ്മർദ്ദം, സാധാനമില്ലാത്ത അവസ്ഥ, വേദന, കണ്ണുനീർ ഇതെല്ലാം യുവാക്കളുടെ ജീവിതത്തിൽ പതിവാകുന്നുണ്ട്. യുദ്ധവും അതിന്റെ തുടർച്ചയായുണ്ടാകുന്ന ആഘാതങ്ങളുമെല്ലാം ഏൽപ്പിക്കുന്ന സമ്മർദ്ദമുൾപ്പെടെ പല കാരണങ്ങളുണ്ട്.

പതിറ്റാണ്ടുകൾ മുൻപു രാജ്യത്തിനു ലഭിച്ച സ്വാതന്ത്ര്യം അമൂല്യമായി കാത്തുസൂക്ഷിക്കേണ്ടത് ഈ സാഹചര്യത്തിലാണ്. സ്വാതന്ത്ര്യമുണ്ടെന്നു പറയുമ്പോഴും നമ്മളിൽ ചുമതപ്പെടുന്ന നിയന്ത്രണങ്ങളെക്കുറിച്ച് എത്രയാളുകൾ ബോധവാൻമാരാണെന്നും ചിന്തിക്കണം. യുദ്ധമൊഴിഞ്ഞ, സമാധാനം നിറഞ്ഞ ഒരു ഭാവിക്കുവേണ്ടി ശ്രമം തുടരുകയും വേണം.

കവിത



# സ്വാതന്ത്ര്യം

**ചിറ്റൂർ ഗോപി**

*ഇല്ല വിലങ്ങുകൾ, കല്ലറകൾ പിളർന്നി-ത്തിരി വെട്ടം*
*പരക്കുന്നു ചുറ്റിനും....*
*അങ്ങതി ദൂരെ വളപ്പൊട്ടു പോൽ സൂര്യൻ*
*മിന്നി തിളങ്ങുന്നു സാഗരസീമയിൽ...*
*മെല്ലെ പുറത്ത് കടന്നു ഞാൻ സ്വാതന്ത്ര്യ-*
*കാറ്റിൽ തണുത്തെന്റെ കൈകൾ പിണയ്ക്കവേ...*
*സിന്ധൂ നദീതീര ഭൂമിയിൽ ദേശീയ-*
*ഗാനം മുഴക്കുന്നു വെള്ളരിപ്രാവുകൾ...*
*കൺമുന്നിൽ മൂവർണ്ണമോലും പതാകകൾ...*
*പാറിപ്പറക്കുന്നു, ദൂരെയാകാശത്തിൽ*
*തെന്നി പറന്നൂ, സ്വതന്ത്രരായ് പക്ഷികൾ*
*മണ്ണിൽ കിളുർത്തിതാ സ്വാതന്ത്ര്യനാമ്പുകൾ...*
*എന്റെ നാടെത്ര സ്വതന്ത്രയാണിന്നെന്ന*
*സുന്ദരസ്വപ്നവും നെഞ്ചേറ്റി ഞാനുമെൻ*
*മൺകുടിൽ മുന്നിലായ് നാട്ടിയ കൊമ്പിന്മേൽ...*
*വർണ്ണപതാക ഉയർത്തുന്നു ശാന്തനായ്...*
*ഗാന്ധിയും നെഹ്റുവും പണ്ട് നേടി തന്ന*
*സ്വാതന്ത്ര്യമെന്ന രത്നത്തെ*
*ഭ്രാന്തമാം ആവേശം കൊണ്ട് തകർക്കാതെ...*
*കാക്കണം, നമ്മൾ ഒരേ മനസ്സോടെന്നും*
*സ്വാതന്ത്ര്യം കൈയോങ്ങിടാനല്ല സ്നേഹത്താൽ,*
*കൈനീട്ടി തമ്മിൽ പൊരുത്തപ്പെടാനുള്ള...*
*നേർവഴിയാണെന്ന ബോധം മനസ്സിന്റെ-*
*കോണിൽ, നമുക്കെന്നും ഉണ്ടായിരിയ്ക്കണം...*
*സ്വാതന്ത്ര്യം അന്യരെ നോവിച്ചിടാനുള്ള*
*ആയുധമല്ലെന്നുറക്കെ പറഞ്ഞു നാം*
*സ്നേഹ പതാക പുതച്ചുകൊണ്ടീ ആർഷഭൂമിയിൽ*
*നന്മതൻ വിത്ത് വിതയ്ക്കണം...*
*കൂട്ടിലടച്ചിട്ട പക്ഷികളല്ല നാം,*
*നീലവിഹായസ്സിൽ പാറി പറക്കേണം...*
*സ്വാതന്ത്ര്യം എത്ര മധുരമാണെന്നുള്ള-*
*സത്യത്തിൽ, നമ്മൾ സ്വയം മറന്നീടണം...*



# ഓർമ്മകളിൽ ചോരപൊടിയുന്ന സ്വാതന്ത്ര്യവഴികൾ



**ഡോ. കോശി മാത്യു ചെള്ളാത്ത്**



*ഭാരതത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രം രാഷ്ട്രീയ നീക്കങ്ങളുടെയോ കരാറുകളുടെയോ മാത്രം കഥയല്ല. അത് കോടിക്കണക്കിന് മനുഷ്യരുടെ കണ്ണീരിന്റെയും ചോരയുടെയും സമാനതകളില്ലാത്ത ആത്മത്യാഗത്തിന്റെയും ഇതിഹാസമാണ്. വരുംതലമുറയ്ക്കായി സ്വന്തം ജീവിതം ഹോമിച്ച ധീര രക്തസാക്ഷികളുടെ ഓർമ്മകൾ ഇന്നും ഓരോ ഭാരതീയന്റെയും ഉള്ളിൽ വികാരനിർഭരമായ ഒരു കടലായി ഇരമ്പുന്നുണ്ട്. ചരിത്രത്തിന്റെ താളുകളിൽ സ്വർണ്ണലിപികളാൽ എഴുതപ്പെട്ട, കണ്ണുനിറയ്ക്കുന്ന, നെഞ്ചിൽ ദേശഭക്തിയുടെ അഗ്നി പടർത്തുന്ന വികാര നിർഭരമായ നിമിഷങ്ങളിലൂടെ ഒരു യാത്ര.*

### *ജാലിയൻവാലാ ബാഗിലെ വിലാപങ്ങൾ*

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഏറ്റവും ക്രൂരവും ദാരുണവുമായ അധ്യായമാണ് 1919 ഏപ്രിൽ 13-ന് പഞ്ചാബിലെ അമൃത്സറിൽ നടന്ന ജാലിയൻവാലാബാഗ് കൂട്ടക്കൊല. അമൃത്സറിലെ ആ ചെറിയ മൈതാനത്ത് ഒത്തുകൂടിയത് ആയുധങ്ങളില്ലാത്ത, സമാധാന പ്രിയരായ ഒരു ജനതയായിരുന്നു. എന്നാൽ ജനറൽ ഡയറുടെ കൽപനപ്രകാരം ബ്രിട്ടീഷ് പട്ടാളം ആ ജനക്കൂട്ടത്തിന് നേരെ തുരുതുരാ വെടിയുതിർത്തു
.

ഓടിയൊളിക്കാൻ ഒരിടമില്ലാതെ, ചുറ്റുമുള്ള ഉയർന്ന മതിലുകൾക്കിടയിൽ പെട്ടുപോയ കുഞ്ഞുങ്ങളും സ്ത്രീകളും അടക്കമുള്ള നൂറുകണക്കിന് മനുഷ്യർ ജീവനായി പിടഞ്ഞു. വെടിയുണ്ടകളിൽ നിന്ന് രക്ഷപ്പെടാൻ മൈതാനത്തെ കിണറ്റിലേക്ക് ചാടിയത് അനേകം പേരാണ്. ആ കിണർ പിന്നീട് ഒരു വലിയ ശവപ്പറമ്പായി മാറി. ചോരയിൽ മുങ്ങിയ ആ മണ്ണും, ജീവനായി യാചിച്ച മനുഷ്യരുടെ നിലവിളികളും ഇന്നും ഭാരതത്തിന്റെ ഹൃദയത്തിലെ ഉണങ്ങാത്ത മുറിവാണ്.

ഈ കൂട്ടക്കൊലയ്ക്ക് ശേഷം ആ മൈതാനത്തെ മണ്ണ് സന്ദർശിച്ച ഉദ്ധം സിംഗ് എന്ന കൊച്ചുബാലന്റെ പ്രതിജ്ഞ ചരിത്രത്തിന്റെ മറ്റൊരു വികാരനിർഭരമായ ഏടാണ്. ചോര വീണ് ചുവന്ന ആ മണ്ണ് കയ്യിലെടുത്ത്, തന്റെ രാജ്യത്തോട് ഈ ക്രൂരത ചെയ്തവരോട് പകരം ചോദിക്കുമെന്ന് അവൻ ഉറപ്പിച്ചു. നീണ്ട 21 വർഷത്തെ കാത്തിരിപ്പിനൊടുവിൽ ലണ്ടനിൽ വച്ച് ജനറൽ ഡയറുടെ കൂട്ടാളിയായ മൈക്കൽ ഒഡ്വയറെ വെടിവെച്ചുകൊന്നുകൊണ്ട് ഉദ്ധം

സഹോദരന്മാരെ മാറ്റി അടുത്ത നിര സമരക്കാർ മുന്നോട്ട് വരുന്ന കാഴ്ച കണ്ട വിദേശ മാധ്യമ പ്രവർത്തകർ പോലും ഭാരതീയരുടെ നിശ്ചയദാർഢ്യത്തിന് മുന്നിൽ വിസ്മയഭരിതരായി നിന്നു പോയി.

### വിപ്ലവവീര്യത്തിന്റെ പ്രണാമം: ഭഗത് സിംഗിന്റെ രക്തസാക്ഷിത്വം

ഇൻക്വിലാബ് സിന്ദാബാദ് എന്ന മുദ്രാവാക്യം വിളിച്ച് മരണത്തെ പുഞ്ചിരിയോടെ വരവേറ്റ ഭഗത് സിംഗ്, സുഖ്ദേവ്, രാജ്ഗുരു എന്നിവരുടെ വിപ്ലവവഴികൾ ഭാരതീയരെ ഏറ്റവും കൂടുതൽ കരയിച്ച ഒന്നാണ്. ലാഹോർ സെൻട്രൽ ജയിലിൽ അവരെ തൂക്കിലേറ്റാൻ നിശ്ചയിച്ച സമയത്തിന് ഒരു ദിവസം മുൻപ് തന്നെ രഹസ്യമായി വധശിക്ഷ നടപ്പാക്കുകയായിരുന്നു.

തൂക്കുമരത്തിലേക്ക് നടക്കുമ്പോഴും അവരുടെ മുഖത്ത് ഭയത്തിന്റെ നിഴൽ പോലുമില്ലായിരുന്നു. പരസ്പരം കെട്ടിപ്പിടിച്ച്, മാതൃഭൂമിക്കായി ജീവൻ നൽകാൻ കഴിഞ്ഞതിലുള്ള അഭിമാനത്തോടെയാണ് ആ ഇരുപത്തിമൂന്നുകാരും കൂട്ടുകാരും കയറിലേക്ക് തലനീട്ടിക്കൊടുത്തത്. ജയിലിന് പുറത്ത് കാത്തുനിന്ന ആയിരക്കണക്കിന് ജനങ്ങളുടെ കണ്ണീരിലേക്ക് ആ ധീരന്മാരുടെ ഭൗതികശരീരങ്ങൾ ബ്രിട്ടീഷുകാർ രഹസ്യമായി നദീതീരത്ത് കൊണ്ടുപോയി ദഹിപ്പിച്ചു. ആ ആത്മത്യാഗം രാജ്യത്തെ യുവാക്കളുടെ ചോര തിളപ്പിച്ചു.

തൂക്കിലേറ്റപ്പെടുന്നതിന് തൊട്ടുമുൻപുള്ള ദിവസങ്ങളിൽ ഭഗത് സിംഗ് ജയിലിൽ കിടന്ന് വായിച്ച പുസ്തകങ്ങളും എഴുതിയ കത്തുകളും അദ്ദേഹത്തിന്റെ ചിന്താശേഷിയുടെ ആഴം വ്യക്തമാക്കുന്നതായിരുന്നു. മരണത്തിന് മണിക്കൂറുകൾക്ക് മുൻപ് വിപ്ലവകാരിയായ ലെനിന്റെ ജീവചരിത്രം വായിക്കുകയായിരുന്നു അദ്ദേഹം. പുസ്തകം പൂർത്തിയാക്കാൻ അല്പം സമയം കൂടി വേണമെന്ന്



സിംഗ് തന്റെ വാക്ക് പാലിച്ചു. തൂക്കുമരത്തിലേക്ക് നടക്കുമ്പോഴും ഭാരതത്തിന്റെ മണ്ണിൽ വീണ നിരപരാധികളുടെ ചോരയ്ക്ക് നീതി നേടിക്കൊടുത്ത സംതൃപ്തി ആ മുഖത്തുണ്ടായിരുന്നു.

### ദണ്ഡി യാത്രയും ഉപ്പിന്റെ രാഷ്ട്രീയവും

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ദണ്ഡി മാർച്ച് ഒരു സമരമായിരുന്നില്ല, മറിച്ച് ഒരു ജനതയുടെ ആത്മാഭിമാനത്തിന്റെ പ്രഖ്യാപനമായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ അടിച്ചേൽപ്പിച്ച ഉപ്പുനികുതിക്കെതിരെ സബർമതി ആശ്രമത്തിൽ നിന്ന് ദണ്ഡി തീരത്തേക്ക് 24 ദിവസങ്ങളിലായി ഗാന്ധിജിയും അനുയായികളും 1930 മാർച്ച് 12-ന് ഈ കാൽനട യാത്ര ആരംഭിച്ചു.

വഴിനീളെ ആയിരക്കണക്കിന് സാധാരണ ജനങ്ങൾ ആ യാത്രയിൽ പങ്കുചേർന്നു. വൃദ്ധനായ ആ സന്ന്യാസി ഒരു പിടി മണ്ണും ഉപ്പും കൈയിലെടുത്ത് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അടിത്തറ ഇളക്കിയപ്പോൾ, അത് കോടിക്കണക്കിന്, ദരിദ്രരായ ഭാരതീയരുടെ കണ്ണീരൊപ്പുന്ന നിമിഷമായി മാറി. തോക്കുകളോ പീരങ്കികളോ ഇല്ലാതെ, അഹിംസ എന്ന ആയുധം കൊണ്ട് ഒരു ജനത ലോകത്തിലെ ഏറ്റവും വലിയ ശക്തിക്കെതിരെ നെഞ്ചുവിരിച്ചു നിന്ന ആ കാഴ്ച തികച്ചും വികാര നിർഭരമായിരുന്നു.

ഈ യാത്രയിലുടനീളം ഗാന്ധിജിയുടെ പാദങ്ങളെ പിന്തുടർന്നത് പ്രായവ്യത്യാസമെന്യേയുള്ള വലിയൊരു ജനസഞ്ചയമായിരുന്നു. വഴിയിലുടനീളമുള്ള ഗ്രാമീണർ തങ്ങളുടെ നേതാവിനെ സ്വീകരിക്കാൻ തെരുവുകൾ വൃത്തിയാക്കുകയും തോരണങ്ങൾ തൂക്കുകയും ചെയ്തു. ഉപ്പ് എന്ന നിസ്സാരമെന്ന് തോന്നാവുന്ന ഒരു വസ്തുവിലൂടെ, സാധാരണക്കാരനായ ഒരു കർഷകന് പോലും രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ എത്രത്തോളം വലിയ പങ്കുവഹിക്കാൻ കഴിയുമെന്ന് ഗാന്ധിജി തെളിയിച്ചു കൊടുത്തു.

ദണ്ഡിയിലെ ഉപ്പുകുറുക്കലിന് ശേഷം രാജ്യത്തുടനീളം ഉണ്ടായ അറസ്റ്റുകളും പോലീസ് മർദ്ദനങ്ങളും ജനങ്ങളെ ഭയപ്പെടുത്തിയില്ല. ധരാസന ഉപ്പുപാടങ്ങളിൽ നടന്ന സമാധാനപരമായ സമരത്തിന് നേരെ ബ്രിട്ടീഷ് പോലീസ് ലാത്തി വീശിയപ്പോൾ, യാതൊരു പ്രതിരോധവുമില്ലാതെ അടി വാങ്ങി വീണിട്ടും സമരക്കാർ പിൻവാങ്ങിയില്ല. ചോരയിൽ കുളിച്ചു കിടക്കുന്ന തങ്ങളുടെ

ജയിൽ അധികൃതരോട് ആവശ്യപ്പെട്ട ആ യുവാവിന്റെ മനക്കരുത്ത് മരണത്തെപ്പോലും തോൽപ്പിക്കുന്നതായിരുന്നു.

***മകന്റെ വധശിക്ഷ ഉറപ്പായ സമയത്ത്, ലാഹോർ ജയിലിന് പുറത്ത് കാത്തുനിന്ന ജനക്കൂട്ടത്തോട് സംസാരിച്ച ഭഗത് സിംഗിന്റെ പിതാവ് കിഷൻ സിംഗിന്റെ വാക്കുകൾ ഏതൊരു പിതാവിന്റെയും നെഞ്ച് പിളർക്കുന്നതായിരുന്നു. 'എന്റെ മകൻ രാജ്യത്തിന് വേണ്ടിയാണ് മരിക്കുന്നത്, അവനെയോർത്ത് ഞാൻ അഭിമാനിക്കുന്നു' എന്ന് പറയുമ്പോഴും ആ കണ്ണുകളിൽ ഒളിപ്പിച്ചുവച്ച സങ്കടം അവിടെയുണ്ടായിരുന്ന ജനങ്ങളെയാകെ കണ്ണീരിലാഴ്ത്തി. മകന്റെ വേർപാടിലും രാജ്യത്തെ മുൻനിർത്തിയ ആ കുടുംബത്തിന്റെ ത്യാഗം സമാനതകളില്ലാത്തതാണ്.***

## വിഭജനത്തിന്റെ മുറിവും അർദ്ധരാത്രിയിലെ സ്വാതന്ത്ര്യവും

1947 ഓഗസ്റ്റ് 14-ന്റെ അർദ്ധരാത്രിയിൽ ജവഹർലാൽ നെഹ്റു തന്റെ വിഖ്യാതമായ "Tryst with Destiny" (വിധിയുമായുള്ള കൂടിക്കാഴ്ച) എന്ന പ്രസംഗം നടത്തുമ്പോൾ രാജ്യം സ്വാതന്ത്ര്യത്തിന്റെ അത്യഹ്ലാദത്തിലായിരുന്നു. നൂറ്റാണ്ടുകളുടെ അടിമത്തത്തിൽ നിന്നുള്ള ആ മോചനം വാക്കുകൾക്ക് അതീതമായിരുന്നു.

എന്നാൽ ഈ സന്തോഷത്തോടൊപ്പം രാജ്യം കണ്ട ഏറ്റവും വലിയ വിരഹത്തിന്റെയും ചോരപ്പുഴയുടെയും കഥ കൂടിയായിരുന്നു ഇന്ത്യ-പാകിസ്താൻ വിഭജനം. ജന്മനാട് ഉപേക്ഷിച്ച്, സ്വന്തം വീടും സ്വത്തും നഷ്ടപ്പെട്ട്, അഭയാർത്ഥികളായി ട്രെയിനുകളിലും കാൽനടയായും അതിർത്തി കടക്കേണ്ടിവന്ന ലക്ഷക്കണക്കിന് മനുഷ്യരുടെ വിധി അങ്ങേയറ്റം ദാരുണമായിരുന്നു. അമ്മമാർക്ക് മക്കളെയും, സഹോദരങ്ങൾക്ക് കുടുംബങ്ങളെയും നഷ്ടപ്പെട്ടു. സ്വാതന്ത്ര്യത്തിന്റെ മധുരത്തോടൊപ്പം വിഭജനത്തിന്റെ കയ്പേറിയ കണ്ണീരും കലർന്ന ആ നിമിഷം ചരിത്രത്തിലെ ഏറ്റവും സങ്കടകരമായ ഓർമ്മയാണ്.

ഈ വലിയ വിപത്തിന്റെ സമയത്ത്, ഡൽഹിയിലെ ആഘോഷങ്ങളിൽ പങ്കെടുക്കാതെ കൽക്കട്ടയിലെ കലാപബാധിത പ്രദേശങ്ങളിൽ സമാധാനം പുനഃസ്ഥാപിക്കാൻ പട്ടിണി കിടന്നു പ്രാർത്ഥിക്കുകയായിരുന്നു മഹാത്മാഗാന്ധി. രാജ്യം സ്വാതന്ത്ര്യം ആഘോഷിക്കുമ്പോൾ, വിഭജനത്തിന്റെ മുറിവുകളുണക്കാൻ തെരുവുകളിൽ അലഞ്ഞ ആ വൃദ്ധന്റെ ചിത്രം സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ വില എന്തായിരുന്നുവെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. വംശീയമായ ഭ്രാന്തിനെ സ്നേഹംകൊണ്ട് നേരിട്ട ആ മനുഷ്യന്റെ സാന്നിധ്യം ആ കറുത്ത നാളുകളിലെ ഒരേയൊരു വെളിച്ചമായിരുന്നു.

*വിഭജനത്തിന്റെ മുറിവുകളുണക്കാൻ തെരുവുകളിൽ അലഞ്ഞ ആ വൃദ്ധന്റെ ചിത്രം സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ വില എന്തായിരുന്നുവെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. വംശീയമായ ഭ്രാന്തിനെ സ്നേഹംകൊണ്ട് നേരിട്ട ആ മനുഷ്യന്റെ സാന്നിധ്യം ആ കറുത്ത നാളുകളിലെ ഒരേയൊരു വെളിച്ചമായിരുന്നു.*



നാം ഇന്ന് അനുഭവിക്കുന്ന ഈ സ്വതന്ത്ര്യം സൗജന്യമായി കിട്ടിയ ഒന്നല്ല. മറിച്ച്, ഇതിനു പിന്നിൽ സ്വന്തം ചോരയും യൗവനവും ജീവിതവും മാതൃഭൂമിയുടെ ബലിപീഠത്തിൽ സമർപ്പിച്ച ലക്ഷക്കണക്കിന് മനുഷ്യരുടെ ത്യാഗമുണ്ട്. ചരിത്രത്തിലെ ഈ വികാരനിർഭരമായ അധ്യായങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത് ഒന്നുമാത്രം- ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഭിന്നിക്കാതെ ഈ സ്വാതന്ത്ര്യത്തെ കാത്തുസൂക്ഷിക്കുക എന്നതാണ് നാം ആ ധീരദേശാഭിമാനികൾക്ക് നൽകേണ്ട ഏറ്റവും വലിയ ആദരവ്.





ഫാ. ജോസഫ് കാരിക്കശ്ശേരി

## *ഭഗത്സിങ് 2.0*

ഭഗത്സിങ് 2.0
24 വയസ്സ്
Instagram ഇല്ല.
Twitter-ഇല്ല.
പക്ഷേ ഒരു രാജ്യം മുഴുവൻ
ഫോളോ ചെയ്തു.
കയ്യിൽ തോക്കില്ലായിരുന്നു.
കരളിൽ ഒരിരുമ്പുദണ്ഡ്
പൊള്ളുന്നുണ്ടായിരുന്നു.
'ഇൻക്വിലാബ്' എന്ന ഒരു വാക്ക്
ഒരു രാജ്യത്തെ viral ആക്കി.
അവൻ ചിരിച്ചുകൊണ്ട്
കൊലക്കയറണിഞ്ഞു.
അവനറിയാം
സ്വാതന്ത്ര്യം free trial അല്ല.
അതിന് subscription fee ആയി രക്തം
കൊടുക്കണം.
ഇന്ന് നമ്മൾ reel-Â revolution
ചെയ്യുന്നു.
അവൻ ജയിലിൽ നിന്ന് revolution
എഴുതി.
'Manifesto' PDF അല്ല.
അത് നെഞ്ചിലെ ചോരയായിരുന്നു
ഭഗത്സിങ് post-modern ആണ്
100 വർഷങ്ങൾ കഴിഞ്ഞിട്ടും
അവന്റെ Statusന് expiry date ഇല്ല.

## *രാജ്ഘട്ടിലെ ഭഗത്*

രാജ്ഘട്ടിൽ ഗാന്ധി ഉറങ്ങുന്നു
മാർബിളിൽ 'ഹേ റാം'
അണയാതൊരു വിളക്കു കത്തുന്നു.
നെഹ്റുവിന് തെറ്റുപറ്റി.
പക്ഷേ കുറച്ചകലെ
ഭഗത്സിങ് നിൽക്കുന്നുണ്ട്
പോസ്റ്ററിൽ, യുവാവിന്റെ ഷർട്ടിൽ.
ഓരോ postലെയും slogan-ൽ.
ഗാന്ധി പറഞ്ഞു: "വഴി നീളും,
പക്ഷേ
വൃത്തിയായിരിക്കും."
ഭഗത് പറഞ്ഞു: 'വഴി ചെറുതാക്കൂ.
രക്തം കൊണ്ടെങ്കിലും."
ഇന്ന് നമ്മൾ
രാജ്ഘട്ടിൽ selfie എടുക്കുന്നു.
ഭഗവതിന്റെ ഫോട്ടോ status ആക്കുന്നു.
പക്ഷേ അവരുടെ ചോദ്യങ്ങൾ
ഉത്തരമില്ലാതലയുന്നു.
'നീ എന്തു ചെയ്യുന്നു
രാജ്യത്തിനുവേണ്ടി?'
Post-modern ആണ് നമ്മൾ.
ചരിത്രത്തെ filter ചെയ്യുന്നു.
പക്ഷേ തൂക്കുകയറിൽ
ഭഗത്തിന്റെ ജഡശരീരം
ചിരിക്കുന്നു.
കണ്ണട നിലത്തുടച്ച്
ഗാന്ധി അന്ധനാവുന്നു.

ചെറുകഥ

# കരുണയുടെ കുട



***ഏലിയാമ്മ നിമ***

സന്ധ്യാമണികൾ മുഴങ്ങിത്തുടങ്ങി. ഗ്രാമത്തിലെ പള്ളിയുടെ മണിനാദം കാറ്റിൽ അലിഞ്ഞു ചേർന്നു. ആകാശം കറുത്ത മേഘങ്ങൾകൊണ്ട് നിറഞ്ഞിരുന്നു. ഏതാനും നിമിഷങ്ങൾക്കകം മഴ ഭൂമിയിലേക്ക് പെയ്തിറങ്ങി. നനഞ്ഞ മണ്ണിന്റെ മണം ഗ്രാമമാകെ പരന്നു.

പള്ളിയുടെ മുൻവശത്തുള്ള ചെറിയ ഓലമേഞ്ഞ കടയിൽ ഇരിക്കുകയായിരുന്നു തോമസ് ചേട്ടൻ. വയസ്സ് എഴുപത്തിയഞ്ച് കഴിഞ്ഞെങ്കിലും, ഇന്നും ചെരിപ്പുകൾ തുന്നി ജീവിതം മുന്നോട്ട് കൊണ്ടുപോകുന്ന ഒരു സാധാരണ മനുഷ്യൻ.

അദ്ദേഹത്തിന്റെ കടയിൽ വലിയ ബോർഡുകളോ അലങ്കാരങ്ങളോ ഉണ്ടായിരുന്നില്ല. ഒരു പഴയ മരക്കസേര, കുറച്ച് ഉപകരണങ്ങൾ, തുന്നാനുള്ള നൂലുകൾ. ഒപ്പം ചുമരിൽ തൂങ്ങിയിരുന്ന ഒരു ചെറിയ ക്രൂശിതരൂപം-അത്രയേ ഉണ്ടായിരുന്നുള്ളൂ.

എന്നാൽ ആ കടയുടെ വാതിൽക്കൽ ഒരു ബോർഡ് ഉണ്ടായിരുന്നു.

'പണം ഇല്ലെങ്കിൽ വിഷമിക്കേണ്ട... ദൈവം വഴിയൊരുക്കും."

ആ ബോർഡ് വായിച്ചവർ പലരും പുഞ്ചിരിച്ചു പോകുമായിരുന്നു. ഒരു ദിവസം ഉച്ചയോടെ മഴ കനത്തുവീണു. ഒരു യുവതി കൈയിൽ രണ്ടുവയസ്സുള്ള കുഞ്ഞിനെയും കൂട്ടി, നനഞ്ഞ് വിറച്ചുകൊണ്ട് തോമസ് ചേട്ടന്റെ കടയിലേക്ക് ഓടിക്കയറി. കൂടെ എട്ടു വയസ്സുള്ള ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു.

പെൺകുട്ടിയുടെ കാലിൽ ചെരിപ്പില്ല.
നടന്ന് വന്ന വഴിയിലെ കല്ലുകൾ അവളുടെ കാലിൽ മുറിവുണ്ടാക്കിയിരുന്നു.

"ചേട്ടാ.... മഴയൊന്ന് കുറഞ്ഞാൽ പോകാം," യുവതി ലജ്ജയോടെ പറഞ്ഞു.

"ആദ്യം ഇരിക്കൂ മോളേ," തോമസ് ചേട്ടൻ ഒരു കസേര നീക്കിക്കൊടുത്തു.
അവൾ പറഞ്ഞു.

'ആശുപത്രിയിൽ നിന്നാണ് വരുന്നത്. കുഞ്ഞിന് മരുന്ന് വാങ്ങിയപ്പോൾ കൈയിലുണ്ടായിരുന്ന പണം തീർന്നു. വീട്ടിലേക്ക് പോകാൻ പോലും ബസ് കൂലിയില്ല."

തോമസ് ചേട്ടൻ ഒന്നും പറഞ്ഞില്ല.
അദ്ദേഹം കടയുടെ ഒരു മൂലയിൽ കിടന്നിരുന്ന ഒരു ചെറിയ ജോഡി ചെരിപ്പ് എടുത്തു. ആരോ വർഷങ്ങൾക്ക് മുമ്പ് തുന്നാൻ കൊടുത്തിട്ട് വാങ്ങാൻ വരാതിരുന്നതായിരുന്നു അത്.

പൊടി തട്ടി, പട്ടകൾ ഒന്നുകൂടി ഉറപ്പിച്ച്, ചെറിയ പെൺകുട്ടിയുടെ കാലിൽ ഇട്ടു കൊടുത്തു.

അവളുടെ കണ്ണുകൾ സന്തോഷംകൊണ്ട് നിറഞ്ഞു.

"ഇത് ഞങ്ങൾക്ക് വാങ്ങാൻ കഴിയില്ല..." അമ്മ പറഞ്ഞു.

"ഇത് വാങ്ങേണ്ടതല്ല," തോമസ് ചേട്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

'പക്ഷേ... പണം?"

'ഇതിന് വർഷങ്ങൾക്കു മുമ്പേ പണം കൊടുത്തു കഴിഞ്ഞു."

അവർക്ക് ഒന്നും മനസ്സിലായില്ല.

പുറത്ത് മഴ വീണ്ടും ശക്തമായി.

കടയുടെ മൂലയിൽ തൂങ്ങിയിരുന്ന ഏക കുട തോമസ് ചേട്ടൻ എടുത്ത് യുവതിയുടെ കൈയിൽ കൊടുത്തു.

'ചേട്ടാ.... പിന്നെ നിങ്ങൾ?"

'ഞാൻ മഴ തീരുമ്പോൾ പോകാം."

'നിങ്ങൾ നനയില്ലേ?"

അദ്ദേഹം പുഞ്ചിരിച്ചു.

'ദൈവം മഴ അയക്കുന്നവനാണെങ്കിൽ, വീട്ടിലെത്തിക്കാനും അവന് അറിയാം."

യുവതിയുടെ കണ്ണുകൾ നിറഞ്ഞു.

ഒരു വാക്കുപോലും പറയാനാകാതെ അവൾ നന്ദിയോടെ യാത്രയായി.

അന്ന് തോമസ് ചേട്ടൻ മഴയിൽ നനഞ്ഞ് വീട്ടിലേക്ക് നടന്നു. മാസങ്ങൾ കടന്നുപോയി. ഒരു ദിവസം ഗ്രാമത്തിലേക്ക് ഒരു വലിയ കാർ വന്നു.

അതിൽനിന്ന് ഇറങ്ങിയ ഒരാൾ നേരെ തോമസ് ചേട്ടന്റെ കടയിലേക്ക് നടന്നു.

'ചേട്ടാ.... എന്നെ ഓർമ്മയുണ്ടോ?"

'ഇല്ല മകനേ."

'എന്റെ ഭാര്യയെ ഓർമ്മയുണ്ടോ? മഴയത്ത് കുഞ്ഞിനെയും കൂട്ടി വന്ന സ്ത്രീ."

തോമസ് ചേട്ടൻ പുഞ്ചിരിച്ചു

'ഉണ്ട്."

'അവൾ എന്റെ ഭാര്യയാണ്."

ആ മനുഷ്യൻ തുടർന്നു.

'ആ ദിവസം നിങ്ങൾ കൊടുത്ത കുടയും ചെരിപ്പും അവൾ ഇന്നും സൂക്ഷിച്ചുവച്ചിട്ടുണ്ട്. അവൾ പറഞ്ഞത് ഒരു കുടയെക്കുറിച്ചല്ല... ഒര മനുഷ്യന്റെ ഹൃദയത്തെക്കുറിച്ചാണ്."

അദ്ദേഹം ഒരു കവറെടുത്തു.

'ഇത് നിങ്ങളുടെ കട പുതുക്കാൻ."

തോമസ് ചേട്ടൻ കൈ പിൻവലിച്ചു.

'എനിക്ക് ദാനം വേണ്ട." അയാൾ ശാന്തമായി പറഞ്ഞു.

'ഇത് ദാനമല്ല ചേട്ടാ.... നിങ്ങൾ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച സ്നേഹത്തിന്റെ യാത്രയിലെ അടുത്ത കണ്ണിയാണ്."

തോമസ് ചേട്ടന്റെ കണ്ണുകൾ നിറഞ്ഞു.

അദ്ദേഹം പതുക്കെ കവർ സ്വീകരിച്ചു. കുറച്ച് മാസങ്ങൾക്ക് ശേഷം ആ പഴയ കട മാറി. പുതിയ ബോർഡ് ഉയർന്നു.

'പാവപ്പെട്ട കുട്ടികൾക്ക് സ്കൂൾ ചെരിപ്പ് സൗജന്യം."

ഗ്രാമത്തിലെ ആളുകൾ അതിശയിച്ചു. ആരെങ്കിലും അധികമായി പണം നൽകിയാൽ അത് ആ പെട്ടിയിലേക്കായിരുന്നു.

ചെരിപ്പ് സൗജന്യമായി കിട്ടിയ കുട്ടികൾ വളർന്ന് ജോലി കിട്ടിയപ്പോൾ വീണ്ടും ആ പെട്ടിയിൽ സംഭാവനയിട്ടു.

ഒരു മനുഷ്യന്റെ ഒരു കുട....

ഒരു ജോഡി ചെരിപ്പ് ....

ഒരു നല്ല മനസ്സ് ....

അതായിരുന്നു ആ ഗ്രാമത്തിന്റെ സംസ്കാരം മാറ്റിമറിച്ചത്.

ഒരു വൈകുന്നേരം ഒരു കൊച്ചുകുട്ടി തോമസ് ചേട്ടനോട് ചോദിച്ചു.

ചേട്ടാ.... നിങ്ങൾ എന്തിനാണ് എല്ലാവരെയും ഇങ്ങനെ സഹായിക്കുന്നത്?"

തോമസ് ചേട്ടൻ പള്ളിയിലെ ക്രൂശിലേക്ക് നോക്കി. ശേഷം പതുക്കെ പറഞ്ഞു.

'ദൈവം എനിക്ക് തന്ന അനുഗ്രഹം എന്റെ കൈയിൽ മാത്രം നിൽക്കാൻ പാടില്ല്. അത് മറ്റൊരാളിലേക്കും എത്തണം. അല്ലെങ്കിൽ അത് അനുഗ്രഹമല്ല.... വെറും സമ്പത്ത് മാത്രമാണ്."

ആ കുട്ടിക്ക് അന്ന് ആ വാക്കുകളുടെ ആഴം മനസ്സിലായില്ല. പക്ഷേ വർഷങ്ങൾക്കുശേഷം...

അവനും മറ്റൊരാളുടെ ജീവിതത്തിൽ "കരുണയുടെ കുട" ആയി മാറി.

സന്ദേശം:

നമ്മൾ നൽകുന്നത് വലിയ സമ്പത്തായിരിക്കണമെന്നില്ല. ഒരു പുഞ്ചിരി, ഒരു കരുതൽ, ഒരു സഹായഹസ്തം, ഒരു നല്ല വാക്ക്- ഇവയൊക്കെയാണ് മറ്റൊരാളുടെ ജീവിതത്തിലെ പ്രത്യാശയുടെ വെളിച്ചമാകുന്നത്. 'സ്വീകരിക്കുന്നതിനെക്കാൾ നൽകുന്നതാണ് ശ്രേയസ്കരം." (അപ്പ. പ്രവ. 20:35)



# ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ: വിജ്ഞാനവും വിശ്വാസവും സംഗീതവും സമന്വയിപ്പിച്ച ഒരു സഭാപിതാവ്

***2026 ഓഗസ്റ്റ് 7- അഭിവന്ദ്യ കൊർണേലിയൂസ് പിതാവിന്റെ 15-ാം ചരമവാർഷികദിനമാണ്***



**ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ**

***കേരള ലത്തീൻ സഭയുടെ ചരിത്രത്തിൽ ചില വ്യക്തിത്വങ്ങൾ കാലത്തെ അതിജീവിച്ച് പ്രശോഭിക്കുന്നവരാണ്. അവരുടെ പ്രവർത്തനങ്ങൾ ഒരു ഭരണകാലത്തിന്റെ വിജയങ്ങളായി മാത്രം വിലയിരുത്താൻ കഴിയില്ല; അവർ ഒരു സഭയുടെ ചിന്തയെയും ആത്മീയതയെയും സാംസ്കാരിക ജീവിതത്തെയും രൂപപ്പെടുത്തിയവരാണ്. അത്തരം അപൂർവ വ്യക്തിത്വങ്ങളിൽ പ്രമുഖനാണ് വരാപ്പുഴ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്തയായിരുന്ന ആർച്ചുബിഷപ്പ് ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ.***



അദ്ദേഹത്തെ ഒരു മെത്രാപ്പോലീത്ത എന്ന ഒറ്റവിശേഷണത്തിൽ ഒതുക്കാനാവില്ല. അദ്ദേഹം ഒരു ദൈവശാസ്ത്രജ്ഞനായിരുന്നു; തത്ത്വചിന്തകനായിരുന്നു; കാനൻ നിയമപണ്ഡിതനായിരുന്നു; ഉപനിഷത്തുകളുടെ ഗഹനപഠിതാവായിരുന്നു; ഗാനരചയിതാവായിരുന്നു; ആത്മീയഗുരുവായിരുന്നു; അതിലുപരി മനുഷ്യസ്നേ

ഹിയായ ഒരു ഇടയനായിരുന്നു. അറിവിന്റെ ഉയരങ്ങളിൽ നിന്നു സേവനത്തിന്റെ തീരങ്ങളിലേയ്ക്ക് ഇറങ്ങി വന്ന വ്യക്തിത്വം.

കൊടുങ്ങല്ലൂർ പ്രദേശത്തെ കാര യിൽ ജനിച്ച കൊർണേലിയൂസ് ഇലഞ്ഞിക്കൽ ചെറുപ്പം മുതൽ അസാധാരണമായ പഠനതാൽപര്യം പ്രകടിപ്പിച്ചു. മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിലെ വൈദികപരിശീലനത്തിനുശേഷം അദ്ദേഹം റോമിൽ ഉപരിപഠനം നടത്തി. അവിടെ കാനൻ നിയമ ത്തിൽ ഡോക്ടറേറ്റും, ഉപനി ഷത്തുകളെ ആസ്പദമാക്കി ഹിന്ദു ദൈവശാസ്ത്ര-തത്ത്വചിന്തയിൽ ഗവേഷണവും പൂർത്തിയാക്കി. അദ്ദേഹത്തിന്റെ ഗവേഷണം Brihadaranyaka-Chandogya Upanishad ഗ്രന്ഥങ്ങളിലെ ദൈവസങ്കല്പ ത്തെക്കുറിച്ചായിരുന്നു.

റോമിൽ അധ്യാപകനായി തുടരാൻ അവസരം ലഭിച്ചിട്ടും, അദ്ദേഹം അത് സ്വീകരിച്ചില്ല. സ്വന്തം ജനങ്ങളിലേക്കും സ്വന്തം സഭയിലേക്കും മടങ്ങി സേവനം ചെയ്യാനാണ് അദ്ദേഹം തീരുമാനി ച്ചത്. ഇത് അദ്ദേഹത്തിന്റെ ജീവിതദർശനം വ്യക്തമാക്കുന്നു. അറിവ് വ്യക്തിപരമായ മഹത്വ ത്തിനല്ല; ജനസേവനത്തിനാണ്. ഇടയന്റെ നേതൃത്വവും സഭയുടെ വളർച്ചയും

1971-ൽ വിജയപുരം രൂപതയുടെ മെത്രാനായി നിയമിതനായ അദ്ദേഹം അവിടത്തെ സഭാ ജീവിതത്തിൽ വിദ്യാഭ്യാസം, രൂപീകരണം, അജപാലനം എന്നിവയ്ക്ക് പുതിയ ഊർജ്ജം നൽകി. തുടർന്ന് 1987-ൽ വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോ ലീത്തയായി നിയമിതനായി. അദ്ദേഹത്തിന്റെ കാലഘട്ടം അതിരൂപതയുടെ ക്രമാനുഗ തമായ വളർച്ചയുടെ കാലമായി വിലയിരുത്തപ്പെടുന്നു. അദ്ദേഹം ആരംഭിച്ച ആശീർഭവൻ ഇന്നും വരാപ്പുഴ അതിരൂപതയുടെ പ്രധാന പാസ്റ്ററൽ-പരിശീലന കേന്ദ്രമായി പ്രവർത്തിക്കുന്നു.

*'ദൈവമേ, നിൻ മുഖം കാണുവാനായ്...', 'സ്നേഹമുള്ള നിങ്ങളോട് ചൊല്ലിടുന്നു യാത്ര ഞാൻ...' തുടങ്ങിയ ഗാനങ്ങൾ മരണത്തെ ഭയത്തിന്റെ കണ്ണിലൂടെ അല്ല, ഉയിർപ്പിന്റെ പ്രത്യാശയിലൂടെ കാണാൻ വിശ്വാസികളെ സഹായിക്കുന്നു. ദുഃഖിതരായ കുടുംബങ്ങൾക്ക് ആശ്വാസവും നിത്യ ജീവിതത്തെക്കുറിച്ചു ള്ള ക്രൈസ്തവ പ്രത്യാശയും പകരാൻ ഈ ഗാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.*

ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ ഏറ്റവും ശ്രദ്ധേയമായ സംഭാവന കളിലൊന്നാണ് ഭക്തിഗാനരംഗം. അദ്ദേഹത്തിന്റെ ഗാനങ്ങൾ വെറും സംഗീതസൃഷ്ടികളല്ല; അവ വിശ്വാസത്തിന്റെ കവിതകളാണ്. പ്രത്യേകിച്ച് മൃതസംസ്കാര ശുശ്രൂഷകൾക്കായി അദ്ദേഹം രചിച്ച ഗാനങ്ങൾ കേരള ലത്തീൻ സഭയുടെ ആത്മീയ പാരമ്പര്യ ത്തിന്റെ ഭാഗമായിത്തീർ ന്നിരിക്കുന്നു.

'ദൈവമേ, നിൻ മുഖം കാണുവാനായ്...', 'സ്നേഹമുള്ള നിങ്ങളോട് ചൊല്ലിടുന്നു യാത്ര ഞാൻ...' തുടങ്ങിയ ഗാനങ്ങൾ മരണത്തെ ഭയത്തിന്റെ കണ്ണിലൂടെ അല്ല, ഉയിർപ്പിന്റെ പ്രത്യാശയിലൂടെ കാണാൻ വിശ്വാസികളെ സഹായിക്കുന്നു. ദുഃഖിതരായ കുടുംബങ്ങൾക്ക് ആശ്വാസവും നിത്യ ജീവിതത്തെക്കുറിച്ചുള്ള ക്രൈസ്തവ പ്രത്യാശയും പകരാൻ ഈ ഗാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ ഗാനങ്ങൾ ഇന്നും അനേകം ദേവാലയങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു.

അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലെ മറ്റൊരു ശ്രദ്ധേയമായ സവിശേഷത ലാളിത്യവും വിനയവുമായിരുന്നു. വലിയ പാണ്ഡിത്യമുണ്ടായിരുന്നെങ്കിലും സാധാരണക്കാരോട് സംസാരി ക്കുമ്പോൾ അവർക്ക് മനസ്സി ലാകുന്ന ഭാഷയാണ് അദ്ദേഹം ഉപയോഗിച്ചത്. വിജ്ഞാനവും വിനയവും ഒരുമിച്ചുചേർന്ന ഒരു ക്രൈസ്തവ നേതാവിന്റെ മനോഹര മാതൃകയായിരുന്നു അദ്ദേഹം.

ഇന്ന് അദ്ദേഹത്തെ അനുസ്മരി ക്കുമ്പോൾ നാം ഓർക്കുന്നത് ഒരു മെത്രാപ്പോലീത്തയെ മാത്രമല്ല; ഒരു ദാർശനികനെയും, ദൈവശാസ്ത്രജ്ഞനെയും, വിദ്യാഭ്യാസചിന്തകനെയും, ഗാന രചയിതാവിനെയും, ആത്മീയ ഗുരുവിനെയും കൂടിയാണ്. അദ്ദേഹത്തിന്റെ രചനകളും ഗാനങ്ങളും ഇന്നും വിശ്വാസികളുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു. അവ കാലാതീതമായ ഒരു ആത്മീയ പൈതൃകമാണ്.

അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, യഥാർത്ഥ നേതൃത്വം അധികാര ത്തിലല്ല, സേവനത്തിലാണ്; യഥാർത്ഥ പാണ്ഡിത്യം അറിവിന്റെ പ്രദർശനത്തിലല്ല, മനുഷ്യഹൃദ യങ്ങളെ ദൈവത്തിലേക്ക് നയിക്കുന്നതിലാണെന്നതാണ്. അതുകൊണ്ടുതന്ന കേരള ലത്തീൻ സഭയുടെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ നാമം എന്നും ആദരപൂർവ്വം സ്മരിക്കപ്പെടും.

# സമൂഹത്തിന്റെ ഹൃദയമാവേണ്ട പൗരോഹിത്യം

**ഓഗസ്റ്റ് 4- വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ഓർമദിനം.**



*ഡോ. ജോർജ് തയ്യിൽ*
*ലൂർദ് ഹോസ്പിറ്റൽ*

"ഞാൻ നിങ്ങൾക്കായി മെത്രാനാണ്; എന്നാൽ നിങ്ങളോടൊപ്പം ഞാൻ ഒരു ക്രൈസ്തവനുമാണ്" – വിശുദ്ധ അഗസ്റ്റിന്റെ ഈ പ്രസിദ്ധമായ വാക്കുകൾ പൗരോഹിത്യത്തിന്റെ യഥാർത്ഥ അർത്ഥം വ്യക്തമാക്കുന്നു. വൈദികൻ ജനങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്ന വ്യക്തിയല്ല; ജനങ്ങളോടൊപ്പം സഞ്ചരിക്കുന്ന ആത്മീയപിതാവാണ്. അതേസമയം, ക്രിസ്തുവിന്റെ പ്രതിനിധിയായി വിശുദ്ധീകരിക്കപ്പെട്ട ഒരു സവിശേഷ ദൗത്യത്തിനും അദ്ദേഹം വിളിക്കപ്പെട്ടിരിക്കുന്നു.

ഓരോ വർഷവും ഓഗസ്റ്റ് 4-ന് സഭ, വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ വിയാനിയുടെ തിരുനാൾ ആഘോഷിക്കുന്നു. ലോകചരിത്രത്തിൽ ആയിരക്കണക്കിന് വൈദികർ ഉണ്ടായിട്ടുണ്ടെങ്കിലും, ഒരു സാധാരണ ഗ്രാമവികാരിയായിരുന്ന അദ്ദേഹത്തെ സഭ എല്ലാ വൈദികരുടെയും മാതൃകയായി ഉയർത്തിക്കാട്ടിയത് അദ്ദേഹത്തിന്റെ അദ്വിതീയമായ വിശുദ്ധജീവിതം കൊണ്ടാണ്.

ഇന്ന് ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. കൃത്രിമബുദ്ധി, ഡിജിറ്റൽ സംസ്കാരം, മതനിരപേക്ഷത, ഉപഭോഗസംസ്കാരം, കുടുംബ ബന്ധങ്ങളുടെ തകർച്ച, യുവജനങ്ങളുടെ ആത്മീയ തകർച്ച-ഇവയെല്ലാം സഭയെയും പൗരോഹിത്യത്തെയും പുതിയ ചോദ്യങ്ങൾക്ക് മുമ്പിൽ നിർത്തുന്നു. ഈ സാഹചര്യത്തിൽ മാർപാപ്പമാർ നിരന്തരം ഓർമ്മിപ്പിക്കുന്ന ഒരു സത്യമുണ്ട്: 'സഭയ്ക്ക് ഇന്നും വിശുദ്ധരും വിശ്വസ്തരുമായ വൈദികർ അനിവാര്യമാണ്.' പൗരോഹിത്യം ക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ തുടർച്ചയാണ്. സഭയുടെ പഠനമനുസരിച്ച് വൈദികൻ വെറുമൊരു മതനേതാവല്ല, അദ്ദേഹം ദിവ്യബലിയിൽ ക്രിസ്തുവിന്റെ പരിത്യാഗത്തെ ഇന്നും സഭയിൽ സന്നിഹിതമാക്കുന്നു. കുമ്പസാരത്തിൽ മാപ്പുനൽകലിന്റെ വാതിൽ തുറക്കുന്നു; രോഗികളിലേക്ക് ദൈവത്തിന്റെ സാന്ത്വനം എത്തിക്കുന്നു. ദൈവവചനത്തിലൂടെ മനുഷ്യമനസ്സുകളെ പ്രകാശിപ്പിക്കുന്നു. ഒരു നല്ല വൈദികൻ സമൂഹത്തിന്റെ ആത്മീയ ഹൃദയമാണ്. വിശുദ്ധ ജോൺപോൾ രണ്ടാമൻ തന്റെ പ്രശസ്തമായ 'പാസ്റ്റോരെസ് ദാബൊ വോബിസ്' എന്ന പ്രബോധനത്തിൽ എഴുതുന്നു: 'നമ്മുടെ ഭാവി വലിയൊരളവുവരെ വൈദികരുടെ വിശുദ്ധിയെയും വിശ്വസ്തതയെയും ആശ്രയിച്ചിരിക്കുന്നു. ലോകം പ്രതിഭാശാലികളായ വൈദികരെക്കാൾ വിശുദ്ധരായ വൈദികരെയാണ് അന്വേഷിക്കുന്നത്.'

ബെനഡിക്ട് പതിനാറാമൻ പാപ്പ പറഞ്ഞിരുന്നു: 'ലോകത്തെ രക്ഷിക്കുന്നത് ആശയങ്ങളല്ല, വിശുദ്ധരാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സഭയുടെ ഏറ്റവും വലിയ സമ്പത്ത് കെട്ടിടങ്ങളോ സ്ഥാപനങ്ങളോ അല്ല; വിശുദ്ധജീവിതം നയിക്കുന്ന വൈദികരാണ്. ബെനഡിക്ട് പതിനാറാമൻ ചൂണ്ടിക്കാട്ടിയ മറ്റൊരു പ്രധാന കാര്യം 'വൈദികൻ ആദ്യം ദൈവത്തെ കേൾക്കുന്നവനായിരിക്കണം. അപ്പോൾ മാത്രമേ ലോകത്തിന് ദൈവത്തിന്റെ വചനം നൽകാൻ കഴിയൂ.' പ്രാർത്ഥന നഷ്ടപ്പെട്ടാൽ പൗരോഹിത്യത്തിന്റെ ആത്മാവും നഷ്ടപ്പെടുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.
ഫ്രാൻസിസ് പാപ്പ പൗരോഹിത്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഏറ്റവും കൂടുതൽ ഉപയോഗിച്ച ഉപമ: 'ആട്ടിൻകൂട്ടത്തിന്റെ ഗന്ധമുള്ള ഇടയന്മാർ' അദ്ദേഹത്തിന്റെ ഉദ്ദേശ്യം വളരെ വ്യക്തമാണ്. ജനങ്ങളിൽ നിന്ന് അകന്ന് ജീവിക്കുന്ന വൈദികനല്ല വേണ്ടത്. ജനങ്ങളുടെ ദുഃഖത്തിലും കണ്ണീരിലും സന്തോഷത്തിലും പങ്കുചേരുന്ന ഇടയനെയാണ് സഭ ആഗ്രഹിക്കുന്നത്. ഫ്രാൻസിസ് പാപ്പ വൈദികരോട് പലപ്പോഴും പറഞ്ഞിട്ടുണ്ട്: 'അധികാരത്തിന്റെ ഭാഷയല്ല, കരുണയുടെ ഭാഷ സംസാരിക്കുക. വിധിക്കുന്നവരാകരുത്, സ്വീകരിക്കുന്നവരാകുക. ദരിദ്രരോട് ചേർന്ന് നിൽക്കുക; യുവാക്കളെ കേൾക്കുക, മുറിവേറ്റ മനുഷ്യരെ ആശ്വസിപ്പിക്കുക.'

ഇന്നത്തെ വിശ്വാസി ചോദിക്കുന്നത്, വൈദികൻ എന്താണ് പ്രസംഗിക്കുന്നത് എന്നതിനേക്കാൾ, അദ്ദേഹം എങ്ങനെയാണ് ജീവിക്കുന്നത് എന്നാണ്. വിശ്വാസികൾ അന്വേഷിക്കുന്നത് വൈദികരുടെ വിശുദ്ധിയും, സത്യസന്ധതയും, സാമ്പത്തിക സുതാര്യതയും, ലാളിത്യവും കരുണയും ക്ഷമയും സ്നേഹവും ഒക്കെ എത്രത്തോള

മുണ്ടെന്നാണ്.

ഡിജിറ്റൽ യുഗത്തിലെ പൗരോഹിത്യം ഏറെ വെല്ലുവിളികൾ നേരിടുന്നു. ഇന്ന് ഒരു യുവാവ് ബൈബിളിനെക്കാൾ കൂടുതൽ സമയം മൊബൈൽ ഫോണിനൊപ്പം ചെലവഴിക്കുന്നു. സോഷ്യൽ മീഡിയ അഭിപ്രായങ്ങൾ രൂപപ്പെടുത്തുന്നു. കൃത്രിമ ബുദ്ധി വിവരങ്ങളുടെ സ്രോതസ്സുകളാകുന്നു. എന്നാൽ ഒരു ചോദ്യത്തിന് എപ്പോഴും യന്ത്രങ്ങൾക്ക് ഉത്തരം നൽകാൻ കഴിയില്ല; 'ജീവിതത്തിന്റെ അർത്ഥമെന്താണ്. ഒരു ചോദ്യത്തിന് മറുപടി നൽകേണ്ടത് സഭയും വൈദികരുമാണ്. അതുകൊണ്ട് ഡിജിറ്റൽ സുവിശേഷവത്കരണം ഇന്നത്തെ കാലത്തിന്റെ പ്രധാന ദൗത്യമായി മാറിയിരിക്കുന്നു.

പൗരോഹിത്യത്തെ ഇന്ന് പല ആന്തരിക പ്രതിസന്ധികളും ദുർബലപ്പെടുത്തുന്നു: ഏകാന്തത, അമിത ജോലിഭാരം, ഭരണപരമായ സമ്മർദ്ദം, വിമർശനങ്ങൾ, സാമ്പത്തിക ഉത്തരവാദിത്തങ്ങൾ, ആത്മീയ ശോഷണം.

***വിശ്വാസികൾ വൈദികരെ വിമർശിക്കുന്നതോടൊപ്പം അവർക്കുവേണ്ടി പ്രാർത്ഥിക്കുക കൂടി വേണം; അവരുടെ മാനുഷിക പരിമിതികൾ മനസ്സിലാക്കണം; ആത്മീയ ദൗത്യത്തിൽ അവരോടൊപ്പം പങ്കാളികളാകണം. ഒരു വൈദികനെ തകർക്കാനും വളർത്താനും കഴിയുന്നത് പലപ്പോഴും അദ്ദേഹത്തിന്റെ ഇടവക സമൂഹത്തിനാണ്. ഇന്നത്തെ ലോകത്തിന് കൂടുതൽ ബുദ്ധിമാനായ വൈദികനെക്കാൾ കൂടുതൽ വിശുദ്ധനായ വൈദികനെയാണ് വേണ്ടത്. അറിവും സാങ്കേതിക വിദ്യയും വളരെയുണ്ടെങ്കിലും വിശുദ്ധിയുടെ സാക്ഷികൾ കുറയുന്നു.***

ഭാവിയിലെ വൈദികൻ ആരാവണമെന്നതിനെപ്പറ്റി സാധാരണക്കാർക്ക് ഏറെ ആശങ്കയും പ്രതീക്ഷയുമുണ്ട്. യഥാർത്ഥ വൈദികൻ ദൈവത്തോട് ആഴത്തിൽ ചേരുന്നവനായിരിക്കണം, ബൈബിളിലും ദൈവശാസ്ത്രത്തിലും പ്രാവീണ്യമുള്ളവനായിരിക്കണം, മാനസികാരോഗ്യത്തെക്കുറിച്ച് ബോധവാനായിരിക്കണം, യുവജനങ്ങളുടെ ഭാഷ മനസ്സിലാക്കണം. മാത്രമല്ല ഏറെ കലുഷിതമായ ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ സുവിശേഷം പങ്കുവയ്ക്കാൻ പഠിക്കണം, മതാന്തര സൗഹൃദം വളർത്തണം, ദരിദ്രരുടേയും രോഗികളുടേയും പാർശ്വവത്കരിക്കപ്പെട്ടവരുടേയും ശബ്ദമാകണം, സ്നേഹത്തിലൂടെ നയിക്കുന്ന ആത്മീയ പിതാവാകണം.

ലോകം മാറി, മനുഷ്യന്റെ ചിന്ത മാറി, സമൂഹം മാറി. എന്നാൽ മനുഷ്യഹൃദയത്തിന്റെ ദാഹം മാറിയിട്ടില്ല. ഇന്ന് മനുഷ്യൻ അന്വേഷിക്കുന്നത് സത്യം, സ്നേഹം, ക്ഷമ, പ്രത്യാശ, ദൈവസാന്നിധ്യം എന്നിവയാണ്. വിശുദ്ധ ജോൺ മരിയ വിയാനിയുടെ വിശുദ്ധിയും, വിശുദ്ധ ജോൺപോൾ രണ്ടാമന്റെ ദർശനവും, ബെനഡിക്ട് പതിനാറാമന്റെ ആത്മീയ ആഴവും, ഫ്രാൻസിസ് പാപ്പയുടെ കരുണാർദ്രമായ ഇടയശുശ്രൂഷയും ഒരുമിച്ചു ചേരുമ്പോഴാണ് ആധുനിക ലോകത്തിന് അനിവാര്യമായ വൈദികന്റെ സമഗ്രരൂപം നമുക്ക് കാണാൻ കഴിയുന്നത്.

വൈദികൻ വെറും ആരാധനയുടെ ശുശ്രൂഷകൻ മാത്രമല്ല; പ്രത്യാശ നഷ്ടപ്പെട്ടവർക്കുള്ള ആശ്വാസം, വിശ്വാസം നഷ്ടപ്പെട്ടവർക്കുള്ള വെളിച്ചം, ദൈവസ്നേഹം പ്രകടമാക്കുന്ന ആത്മീയ പിതാവ്, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷി. ഇന്നത്തെ ലോകത്തിന് കൂടുതൽ സംഘടനകളല്ല ആവശ്യം; കൂടുതൽ വിശുദ്ധരായ വൈദികരെയാണ്; കൂടുതൽ അധികാരമല്ല; കൂടുതൽ കരുണയാണ്. അതുപോലെ കൂടുതൽ പ്രസംഗങ്ങളല്ല; കൂടുതൽ വിശുദ്ധമായ ജീവിതം കാഴ്ചവയ്ക്കുന്ന വൈദികരെയാണ്. നാളെയുടെ ഊർജ്ജ സ്രോതസ്സായ വിശുദ്ധ പൗരോഹിത്യം വളരുമ്പോഴാണ് സഭയും സമൂഹവും മനുഷ്യകുലവും ആത്മീയമായി നവീകരിക്കപ്പെടുന്നത്.



# റെക്സ് ബാൻഡ്, സഭയുടെ മ്യൂസിക് മിഷനറിമാർ



**ഷെൽട്ടൺ പിൻഹീറോ**
*കോ-ഓഡിനേറ്റർ,*
*റെക്സ് ബാൻഡ്*

ജൂലൈ 2008. സിഡ്നി നഗരത്തിലെ തണുപ്പേറിയ ഒരു സായാഹ്നമായിരുന്നു അത്. എന്നാൽ ലോകയുവജന ദിനത്തിന്റെ ഭാഗമായി ഓപ്പറ ഹൗസിന് മുന്നിലെ വിശാലമായ മൈതാനത്ത് സംഗീതോത്സവത്തിനായി ഒത്തുകൂടിയിരുന്ന ആയിരക്കണക്കിന് യുവജനങ്ങളുടെ ആവേശത്തെ കെടുത്താൻ ആ തണുപ്പിന് ആയില്ല. റെക്സ് ബാൻഡിന്റെ ഭാഗമായി ഞങ്ങളും സ്റ്റേജിന് പിന്നിൽ കാത്തുനിൽക്കുകയായിരുന്നു. ഓരോ ബാൻഡും വേദിയിലെത്തിയത് കരഘോഷത്തോടെയായിരുന്നു. റോക്ക്, ഹിപ്-ഹോപ്പ്, ബാലഡുകൾ, വിവിധ സംസ്കാരങ്ങളുടെ സംഗീതശൈലികൾ-ഇങ്ങനെ വൈവിധ്യമാർന്ന സംഗീതധാരകൾ അവിടെ അലയടിച്ചുകൊണ്ടിരുന്നു. ആഘോഷങ്ങളിൽ നിന്ന് ആഴമേറിയ നിശ്ശബ്ദതയിലേക്കും, സ്തുതിഗീതങ്ങളിൽ നിന്ന് ശാന്തമായ ആരാധനയിലേക്കും ഈ യുവജനങ്ങൾ അനായാസം സഞ്ചരിച്ചുകൊണ്ടിരുന്നു.

ഞങ്ങളും വേദിയിലെത്തി സന്തോഷവും സ്തുതിയും നിറഞ്ഞ സംഗീതത്തിലൂടെ അവരെ നയിക്കുമ്പോൾ, ഒരു ചിന്ത എന്റെ മനസ്സിൽ ഉയർന്നുവന്നു. സംഗീതം ഈ തലമുറയെ എത്രമാത്രം ആഴത്തിൽ സ്പർശിക്കുന്നു! ഒരുപക്ഷേ മറ്റേതൊരു തലമുറയെയുംകാൾ സംഗീതത്താൽ കൂടുതൽ സ്വാധീനിക്കപ്പെട്ട യുവതലമുറ നമ്മുടേതായിരിക്കാം.

കേരളം എന്ന കൊച്ചുസംസ്ഥാനത്തിൽ നിന്ന് ഓസ്ട്രേലിയയിൽ എത്തിയ ഞങ്ങളുടെ യാത്രയും വിശ്വാസവും സംഗീതവും ഒത്തുചേർന്ന ഒന്നായിരുന്നു. 80-കളുടെ അവസാനത്തിലും 90-കളുടെ തുടക്കത്തിലും ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ മ്യൂസിക്ക് മിനിസ്ട്രിയുടെ ഭാഗമായി ഒന്നിച്ചു വന്ന, സംഗീതത്തെയും അതിലേറെ ഈശോയെയും സ്നേഹിച്ച ഒരു കൂട്ടം യുവസുഹൃത്തുക്കളാണ് പിന്നീട് റെക്സ് ബാൻഡ് ആയത്.

1989-ൽ, തൃശൂരിൽ നടന്ന ഒരു ജീസസ് യൂത്ത് കോളേജ് ക്യാമ്പസ് കോൺഫറൻസിലാണ് ഞാൻ ആദ്യമായി ഈ സുഹൃത്തുക്കളെ പരിചയപ്പെടുന്നത്. വിവിധ പരിപാടികളിൽ സജീവമായി പങ്കെടുത്തിരുന്ന ഒരുകൂട്ടം യുവജനങ്ങളെ അവിടെ ഞാൻ കണ്ടുമുട്ടി. എന്റെ പരിമിതമായ കഴിവുകളുമായി ഞാനും കൂടെ ചേർന്നു. അവിടെ പരിചയപ്പെട്ട പല സുഹൃത്തുക്കളും പിന്നീട് ഒരുമിച്ച് പ്രാർത്ഥിക്കാനും ചുറ്റുമുള്ള യുവജനങ്ങളിലേക്ക് എത്തിച്ചേരാനുമായി ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ ഭാഗമായി.

എന്റെ ജീവിതത്തിൽ വളരെ വിഷമകരമായ ഒരു ഘട്ടത്തിൽ, യേശുവിന്റെ വ്യക്തിപരമായ ഒരു സ്പർശനം അനുഭവിക്കാൻ ദൈവം എനിക്കും അവസരം നൽകി. അത് എന്റെ ജീവിതത്തിന് പുതിയൊരു ദിശ നൽകി. അപ്പോഴേക്കും ഞങ്ങൾ ജീസസ് യൂത്ത് എന്ന നിലയിൽ ഒരുമിച്ചു കൂടി, സംഗീതത്തിലൂടെ ഇടവകകളിലും പല യുവജനസംഗമങ്ങളിലു പ്രവർത്തിച്ചു തുടങ്ങിയിരുന്നു.

ഡോ. എഡ്വേർഡ് എഡേഴത്ത്, മനോജ് സണ്ണി എന്നിവർ നയിച്ച ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയിൽ നിന്നും യുവജനങ്ങളിലേക്ക് എത്തിച്ചേരാൻ കഴിയുന്ന ഒരു കത്തോലിക്കാ സംഗീത ബാൻഡ് അങ്ങനെ രൂപംകൊണ്ടു. പ്രത്യാശയും വിശ്വാസവും സംഗീതത്തിലൂടെ പങ്കുവയ്ക്കുന്ന ഒരു നവീന സംരംഭമായിരുന്നു അത്. അക്കാലത്ത്, ഇന്ത്യയിൽ ചില പ്രൊട്ടസ്റ്റന്റ് സഭകൾ സംഗീതത്തിലൂടെയുള്ള സുവിശേഷപ്രവർത്തനങ്ങളിൽ സജീവമായിരുന്നെങ്കിലും, സമകാലിക സംഗീതത്തെ മാധ്യമമാക്കി യുവജനങ്ങളിലേക്ക് എത്തിച്ചേരുന്ന ശ്രദ്ധേയമായ കത്തോലിക്കാ ഗ്രൂപ്പുകൾ സഭയിൽ ഉണ്ടായിരുന്നില്ല. ജീസസ് യൂത്തിന്റെ മ്യൂസിക്കൽ ഔട്ട്റീച് ആയ ഈ ബാൻഡിന് റെക്സ് ബാൻഡ് (രാജാവിന്റെ ഗായകർ) എന്ന പേരാണ് ബാൻഡിന്റെ ആദ്യ മാനേജരായ ആന്റണി-റീന ദമ്പതികൾ മുന്നോട്ട് വച്ചത്. ക്രിസ്തുസ് റെക്സ് (Christus Rex) എന്ന ലത്തീൻ പദപ്രയോഗത്തിൽ

നിന്നാണ് ആ പേര് സ്വീകരിച്ചത്.

റെക്സ് ബാൻഡ് ലൈവ് പ്രോഗ്രാമുകൾ യുവജന ശുശ്രൂഷയിൽ ഒരു നവീന രീതി







സംഗീതത്തിലൂടെ യുവജനശുശ്രൂഷയ്ക്കായുള്ള ഒരു വിളി ഉണ്ടെന്ന് വെളിപ്പെട്ടപ്പോൾ അതിനായി പ്രത്യേകം സമയം മാറ്റിവയ്ക്കാൻ ബാൻഡ് അംഗങ്ങൾ തീരുമാനമെടുത്തു. പലരും ജോലി തേടുന്നവരും, ജീവിതത്തിലെ ഉത്തരവാദിത്തങ്ങളുമായി ബുദ്ധിമുട്ടുന്നവരും ആയിരുന്നതിനാൽ, ഇതിന് വലിയ ത്യാഗങ്ങൾ ആവശ്യമായിരുന്നു. പ്രതിസന്ധികൾക്കിടയിലും, തങ്ങളുടെ സമയവും കഴിവും പൂർണ്ണമായും പ്രതിഫലം കൂടാതെ കർത്താവിനായി സമർപ്പിക്കാനും, ഉപജീവനത്തിനായി തങ്ങളുടെ ഔദ്യോഗിക ജോലികളെ മാത്രം ആശ്രയിക്കാനും ദൈവം അവരെ പ്രചോദിപ്പിച്ചു.

കാലക്രമേണ 1-2 മണിക്കൂർ നീളുന്ന ഒരു സംഗീത പരിപാടിയുടെ രൂപരേഖ ഉരുത്തിരിഞ്ഞു. ഫ്യൂഷൻ, റോക്ക്, റെഗ്ഗെ തുടങ്ങിയ വൈവിധ്യമാർന്നതും ഊർജ്ജസ്വലവും ശക്തവുമായ സംഗീതത്തിലൂടെ യേശുവിനെ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്ന ഒരു സമയമായിരുന്നു അത്. സംഗീതത്തിനുമപ്പുറം കൊറിയോഗ്രാഫി, തിയേറ്റർ, ആർട്ട് എന്നിവയും അവതരണത്തിന് വ്യത്യസ്തതയേകി. ബാൻഡ് അംഗങ്ങളുടെ വ്യക്തിപരമായ സാക്ഷ്യങ്ങളും വിശ്വാസത്തിന്റെ യാത്രയിലേക്കുള്ള ഒരു ക്ഷണവും ഈ സംഗീതപരിപാടിയുടെ ഭാഗമായിരുന്നു.

കേരളത്തിലെങ്ങും സഞ്ചരിച്ച്- കോളേജുകളിലും പൊതുസ്ഥലങ്ങളിലും ഓഡിറ്റോറിയങ്ങളിലും ബാൻഡ് തങ്ങളുടെ ശുശ്രൂഷാ സംഗീതപരിപാടികൾ നടത്തി. കത്തോലിക്കാ വിശ്വാസത്തോടും ഈ സംഗീതത്തോടും യുവജനങ്ങളുടെ അനുകൂലമായ പ്രതികരണം അത്ഭുതപ്പെടുത്തുന്നതായിരുന്നു. 1993-ൽ, മുംബൈയിലെ ജീസസ് യൂത്ത് മുന്നേറ്റം, യുവജനങ്ങൾക്കായി ഏഴ് പ്രോഗ്രാമുകൾ അടങ്ങുന്ന ഒരു പരമ്പര നടത്തുന്നതിനായി ബാൻഡിനെ ക്ഷണിച്ചു. ഈ സംഗീതപരിപാടികളിൽ പങ്കെടുത്ത യുവജനങ്ങൾ സംഗീതത്തിലൂടെ യേശുവിനാൽ സ്പർശിക്കപ്പെടുകയും, യേശുവുമായുള്ള യാത്ര തുടരുകയും ചെയ്തു.

വൈകാതെ തന്നെ ബാൻഡ് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ സംഗീത ശുശ്രൂഷ ചെയ്യാൻ ആരംഭിച്ചു; ഗോവ, ചെന്നൈ, കൊൽക്കത്ത, ഡൽഹി എന്നിവിടങ്ങളിൽ തുടങ്ങി, പിന്നീട് മംഗലാപുരം, നാഗ്പൂർ, കൂടാതെ ഏഴ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പ്രോഗ്രാമുകൾ നടന്നു. ചില പരിപാടികളിൽ 20,000 വരെ യുവജനങ്ങൾ പങ്കെടുത്തു. അവരിൽ ഭൂരിഭാഗം പേർക്കും തങ്ങളുടെ കത്തോലിക്കാ വിശ്വാസത്തിന്റെ സജീവവും ശക്തവുമായ ആദ്യത്തെ അനുഭവം കൂടിയായിരുന്നു അത്.

2002-ൽ, റെക്സ് ബാൻഡിന് ഷാർജയിലെയും ദുബായിലെയും അബുദാബിയിലെയും യുവജനങ്ങൾക്കായി ഒരു ശുശ്രൂഷ ചെയ്യാൻ ക്ഷണം ലഭിച്ചു. തുടർന്ന് യൂറോപ്പ്, യുകെ, യു.എസ്.എയുടെ വിവിധ ഭാഗങ്ങൾ, ഓസ്ട്രേലിയ, തെക്കേ അമേരിക്ക, കൂടാതെ തെക്കുകിഴക്കൻ ഏഷ്യയിലെ ഭൂരിഭാഗം രാജ്യങ്ങൾ ഉൾപ്പെടെ 25-ലധികം രാജ്യങ്ങളിലായി 500-ലധികം വലിയ സംഗീത പരിപാടികളിലൂടെയും നിരവധി മ്യൂസിക്കൽ വർക്ക്ഷോപ്പുകളിലൂടെയും യൂത്ത് റിട്രീറ്റുകളിലൂടെയും യുവജന ശുശ്രൂഷ ചെയ്യുവാൻ റെക്സ് ബാൻഡിനെ ദൈവം അനുഗ്രഹിച്ചു.

തിരിഞ്ഞുനോക്കുമ്പോൾ, അതൊരു സംഗീതയാത്ര മാത്രമായിരുന്നില്ല; സംഗീതത്തിലൂടെയും സാക്ഷ്യജീവിതത്തിലൂടെയും സംസ്കാരങ്ങളെയും ഭാഷകളെയും അതിരുകളെയും മറികടന്ന് യുവഹൃദയങ്ങളെ സ്പർശിച്ചുകൊണ്ടിരുന്ന സഭയുടെ യുവജന ശുശ്രൂഷയുടെ ഭാഗമാകാനുള്ള ഒരു അതുല്യ അനുഗ്രഹമായിരുന്നു അത്.

ഭൂമിയിലെ തന്നെ ഏറ്റവും വലിയ കത്തോലിക്കാ യുവജന ആഘോഷമായി വിശേഷിപ്പിക്കപ്പെടുന്ന ലോക യുവജന ദിനങ്ങൾ, കത്തോലിക്കരായ നമുക്ക് എപ്പോഴും വലിയ പ്രചോദനമാണ്. 2002-ൽ കാനഡയിലെ ടൊറന്റോയിൽ നടന്ന ലോക യുവജന

ദിനത്തിന്റെ പ്രധാന വേദിയിൽ സംഗീതം അവതരിപ്പിക്കാൻ ക്ഷണം ലഭിക്കുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ കത്തോലിക്കാ ഗ്രൂപ്പ് ആയിരുന്നു റെക്സ് ബാൻഡ്. ലോകമെമ്പാടും നിന്നുള്ള, 8,50,000 കത്തോലിക്കാ യുവജനങ്ങൾക്ക് മുന്നിൽ സംഗീതത്തിലൂടെ യേശുവിന്റെ ചൈതന്യമുള്ള മുഖം പങ്കുവച്ചപ്പോൾ തിരുസഭയുടെ ഹൃദയഭാഗത്ത് നിലകൊള്ളുന്ന ഒരു അനുഭവമായിരുന്നു ബാൻഡിന് ലഭിച്ചത്. പിന്നീട് ആറ് ലോക യുവജന ദിനങ്ങളുടെ പ്രധാന വേദികളിൽ പ്രോഗ്രാം അവതരിപ്പിക്കുവാൻ ദൈവം റെക്സ് ബാൻഡിന് അവസരമൊരുക്കി. റിയോ ഡി ജനീറോയിലെ കോപ്പകാബാന പോലുള്ള വേദികളിൽ ഫ്രാൻസിസ് മാർപാപ്പ എത്തുന്ന സമയത്ത് തന്നെയാണ് റെക്സ് ബാൻഡ് സംഗീതശുശ്രൂഷ നിർവ്വഹിച്ചത്.

***റെക്സ് ബാൻഡ് ലോകയുവജന ദിനങ്ങളിൽ***

ടൊറന്റോ, കാനഡ-2002

കൊളോൺ, ജർമ്മനി-2005

സിഡ്നി, ഓസ്ട്രേലിയ-2008

മാഡ്രിഡ്, സ്പെയിൻ-2011

റിയോ, ബ്രസീൽ-2013

ക്രാക്കോവ്, പോളണ്ട്-2016

***വ്യത്യസ്തമായ ഒരു സംഗീത ശൈലി***

റെക്സ് ബാൻഡിന്റെ ആൽബങ്ങളിലൊന്നിലൂടെ ഒരു യാത്ര നടത്തുകയാണെങ്കിൽ, സ്വിങ്, ജാസ്, സ്ലോ റോക്ക്, പോപ്പ്, ഇന്ത്യൻ സംഗീതശൈലികൾ എന്നിവ കാണാം. ഹിന്ദുസ്ഥാനി, കർണാടക സംഗീതം, പോപ്പ്, റോക്ക്, ഹിപ്-ഹോപ്പ് തുടങ്ങി വ്യത്യസ്ത സംഗീത പശ്ചാത്തലങ്ങളിൽ നിന്നെത്തിയവരുടെ സംഗമത്തിൽ നിന്നാണ് ഈ വൈവിധ്യം സ്വാഭാവികമായി രൂപപ്പെട്ടത്. അതുകൊണ്ടുതന്നെ റെക്സ് ബാൻഡിന്റെ സംഗീതത്തെ ഒരു പ്രത്യേക ശൈലിക്കുള്ളിൽ ഒതുക്കി നിർത്തുക എളുപ്പമല്ല. എന്നിരുന്നാലും, അതിന്റെ സംഗീതത്തിന്റെ ആത്മാവ് എല്ലായ്പ്പോഴും സമകാലിക ജനപ്രിയ സംഗീതത്തിൽ വേരൂന്നിയതും അതോടൊപ്പം വ്യക്തമായ ഒരു ഇന്ത്യൻ സാംസ്കാരിക സ്വാദും ഉൾക്കൊള്ളുന്നതുമാണ്.

വിവിധ ഭാഷകളിലായി പന്ത്രണ്ടിലധികം സംഗീത ആൽബങ്ങൾ റെക്സ് ബാൻഡ് പുറത്തിറക്കിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രചിക്കപ്പെടുകയും, റെക്കോഡ് ചെയ്യപ്പെടുകയും ചെയ്ത ഈ ഗാനങ്ങൾ ഇന്ന് റെക്സ്ബാൻഡുമായി ബന്ധപ്പെടുത്തപ്പെടുന്ന സംഗീതശൈലിയെ പ്രതിനിധീകരിക്കുന്നു. റെക്സ്ബാൻഡിന്റെ റൈസ് അപ്പ് ആൻഡ് ഡാൻസ് എന്ന ഗാനം ബ്രസീലിയൻ ഗ്രൂപ്പായ ഷാലോം പോർച്ചുഗീസിലേക്ക് തർജ്ജമ ചെയ്ത് ഒരു ഹിറ്റ് വീഡിയോ ആൽബമായി റിലീസ് ചെയ്തിരുന്നു.

സംഗീതത്തിലൂടെ സുവിശേഷം പങ്കുവയ്ക്കുന്ന ഒരു സമൂഹം കത്തോലിക്കാ സഭയിൽ വേണമെന്ന് വളരെ ആഗ്രഹിച്ച ഒരാളായിരുന്നു ഞാൻ. സംഗീതത്തിലൂടെ ദൈവവചനം പങ്കുവയ്ക്കുന്നത് ശക്തമായ ഒരു വിളിയാണെന്ന് എനിക്ക് എന്നും വിശ്വാസമുണ്ടായിരുന്നു. 90-കളുടെ ആരംഭത്തിൽ ദൈവം റെക്സ് ബാൻഡിലൂടെ എന്റെ ആഗ്രഹം സഫലമാക്കി. ആദ്യകാലത്ത് വളരെയധികം ഇടവകകളിലും പിന്നീട് അതിനപ്പുറവുമെല്ലാം ദൈവസ്നേഹത്തിന്റെ അനുഭവമെത്തിക്കുവാൻ ദൈവം കൃപ നൽകി. കൂടാതെ ഞങ്ങളുടെ ആത്മീയ ജീവിതത്തിലും ഈ യാത്ര വലിയൊരു അനുഗ്രഹമായി.

എല്ലാറ്റിമുപരിയായി, റെക്സ് ബാൻഡിന്റെ യാത്ര ജീസസ് യൂത്ത് പ്രസ്ഥാനത്തിനകത്തും സഭയ്ക്കകത്തും നിരവധി പുതിയ കത്തോലിക്കാ യുവജന സുവിശേഷ ബാൻഡുകളുടെ തുടക്കത്തിന് വഴിയൊരുക്കിയിട്ടുണ്ട്. യുവ സംഗീത ഗ്രൂപ്പുകളുടെ പരിശീലനത്തിലും റെക്സ് ബാൻഡ് സഹായിക്കുന്നു. കൊറിയയിൽ അടുത്ത വർഷം നടക്കുന്ന ലോക യുവജന ദിനത്തിൽ പല രാജ്യങ്ങളിൽ നിന്നായി മൂന്നിലധികം ജീസസ് യൂത്ത് ബാൻഡുകൾ ശുശ്രൂഷ നടത്താൻ ഒരുങ്ങുന്നു. എല്ലാറ്റിനുമുപരി ജീസസ് യൂത്ത് ദർശനത്തോട് വിശ്വസ്തതയോടെ സഭയുടെ സേവനത്തിനായി പ്രവർത്തിക്കുന്ന ഒരു സംഗീത മിഷനറി പ്രസ്ഥാനമായി റെക്സ് ബാൻഡ് ഈ യാത്ര തുടരുന്നു.



**ഷെവലിയർ ഡോ. എഡ്വേർഡ് എടേഴത്ത്**

'ദൈവരാജ്യത്തെക്കുറിച്ച് ഈശോ പറഞ്ഞ വാക്കുകൾ റെക്സ് ബാൻഡിനെ സംബന്ധിച്ചിടത്തോളം ശരിയാണ്. വളരെ ചെറിയൊരു വിത്ത് വളർന്ന് അപ്രതീക്ഷിതമായ രീതിയിൽ പടർന്നു പന്തലിക്കുന്ന ഫലമണിയുന്ന ഒരു അനുഭവം. കളമശ്ശേരിയിൽ വച്ച് നടന്ന 40,000 പേർ പങ്കെടുത്ത ഒരു ദേശീയ കൺവെൻഷന് ഇംഗ്ലീഷ് ഗായകസംഘം വരുമെന്ന് പ്രതീക്ഷിച്ചത് ചെന്നൈയിൽ നിന്നായിരുന്നു. അവർക്ക് എത്താൻ സാധിക്കാതെ വന്നതുകൊണ്ട് പെട്ടെന്ന് ചെറിയൊരു സംഘം ഒന്നിച്ചു വരാനും അന്ന് സംഗീതത്തിന് നേതൃത്വം നൽകാനും ഇടവന്നു. അതവിടെ അവസാനിച്ചില്ല. ആദ്യമെല്ലാം ജീസസ് യൂത്ത് ഒരുക്കുന്ന വേദികളിലാണ് റെക്സ് ബാൻഡ് പ്രോഗ്രാമുകൾ അവതരിപ്പിക്കപ്പെട്ടിരുന്നത്. സാവധാനത്തിൽ പൊതുസമൂഹവും കത്തോലിക്കാ വേദികളും രൂപതകളും ഒക്കെ ഏറെ സന്തോഷത്തോടെ ഇത്തരം അവതരണങ്ങൾ ആവശ്യപ്പെടാൻ ആരംഭിച്ചു. ആ യാത്ര അനേക ലോക യുവജന സമ്മേളനങ്ങൾ വരെ എത്തി. വിശ്വാസ സാക്ഷ്യവും സൗന്ദര്യാവതരണവും ഏറെ ശ്രദ്ധാപൂർവ്വം ഒരുമി

പ്പിക്കുന്ന ഈ യുവത്വ ക്രൈസ്തവ കലാവതരണ സമീപനം കാണികൾക്ക് ഒരു കലാസ്വാദന അനുഭവം മാത്രമല്ല ആഴമുള്ള ഒരു സമഗ്ര വിശ്വാസ തീർത്ഥാടനവുമായി മാറുന്നു."



**മനോജ് സണ്ണി**
ജീസസ് യൂത്ത് സീനിയർ ലീഡർ

സംഗീതരംഗത്തെ വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നെത്തിയവരായിരുന്നു ഞങ്ങൾ. അൽഫോൻസ് ജോസഫും, ഹെക്ടർ ലൂയിസും, സ്റ്റീഫൻ ദേവസ്സിയും പോലുള്ള പ്രതിഭകളായ യുവസംഗീതജ്ഞരും കൂട്ടത്തിലുണ്ടായിരുന്നു. അതുകൊണ്ടുതന്നെ സമകാലികതയും യുവത്വത്തിന്റെ സ്പന്ദനവും പുതുമയാർന്ന ശബ്ദഭംഗിയും ഒത്തുചേർന്ന ഒരു പ്രത്യേക സംഗീതശൈലി ക്രമേണ രൂപപ്പെട്ടു. അതിൽ ദൈവത്തിന്റെ കരുതലും വഴിനടത്തലും വ്യക്തമായി പ്രകടമായിരുന്നു.

ഒന്നാമതായി, റെക്സ് ബാൻഡ് എന്ന ആശയം രൂപംകൊണ്ടത് ദൈവത്തിന് നമ്മുടെ ഏറ്റവും മികച്ചത് സമർപ്പിക്കണമെന്ന ആഴമായ ആഗ്രഹത്തിൽ നിന്നാണ്-അതിന് എന്ത് വില കൊടുക്കേണ്ടി വന്നാലും. സംഗീതമായാലും, അവതരണമായാലും, കലാപരമായ കഴിവുകളായാലും, സാങ്കേതിക മികവായാലും, ദൈവത്തിനു വേണ്ടി ഏറ്റവും മികച്ചത് നൽകുക എന്നതായിരുന്നു അതിന്റെ പ്രചോദനം. രണ്ടാമതായി, നാം അനുഭവിച്ച യേശുവിന്റെ സ്നേഹം മറ്റു യുവജനങ്ങളുമായി പങ്കുവയ്ക്കണമെന്ന തീക്ഷ്ണമായ ആഗ്രഹത്തിൽ നിന്നാണ് ഈ യാത്ര തുടങ്ങിയത്. വാസ്തവത്തിൽ, പ്രസംഗങ്ങൾക്കും പ്രഭാഷണങ്ങൾക്കുമിടയിലെ ഇടവേളയായി സംഗീതത്തെ കാണുന്നതിനു പകരം, സുവിശേഷം പങ്കുവയ്ക്കുന്ന ഒരു പ്രധാന ഘടകമായി റെക്സ് ബാൻഡിൽ സംഗീതം മാറി.'



**അൽഫോൺസ് ജോസഫ്**
ഫിലിം മ്യൂസിക്ക് ഡയറക്ടർ

'ഒരു സംഗീത സംവിധായകനെന്ന നിലയിൽ എനിക്ക് ലഭിച്ച വളർച്ചയ്ക്കും എ.ആർ. റഹ്മാൻ പോലുള്ള സംഗീത പ്രതിഭകൾക്കൊപ്പമുള്ള എന്റെ പ്രവർത്തനങ്ങൾക്കും അടിത്തറ പാകപ്പെട്ടത് ജീസസ് യൂത്തിലെ റെക്സ് ബാൻഡിന്റെ ഭാഗമായിക്കൊണ്ട് കൊച്ചിയിൽ യുവസംഗീതജ്ഞരുമായി ഒരുമിച്ചുകൂടിയ ആ വർഷങ്ങളിലായിരുന്നു. കർണ്ണാടക സംഗീതം, ഹിന്ദുസ്ഥാനി സംഗീതം, പാശ്ചാത്യ ശാസ്ത്രീയ സംഗീതം, പോപ്പ്, റോക്ക് തുടങ്ങി വൈവിധ്യമാർന്ന പശ്ചാത്തലങ്ങളിൽ നിന്നുള്ളവരായിരുന്നു ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നത്. ഞങ്ങൾ ഒരുമിച്ച് യാത്ര ചെയ്തു, ജീവിച്ചു, ഈശോയെ പങ്കുവച്ചു. ഈ അനുഭവങ്ങളുടെ ഇടയിലാണ് എന്റെ സംഗീതത്തിന്റെ ശൈലി തന്നെ രൂപപ്പെട്ടത്.'

"മൂന്ന് പതിറ്റാണ്ടിലേറെയായി റെക്സ് ബാൻഡ് എന്റെ കുടുംബമാണ്-എൺപതുകളുടെ അവസാനത്തിലും തൊണ്ണൂറുകളുടെ തുടക്കത്തിലും ജീസസ് യൂത്തിലൂടെ



**ഡോ. ബീന മനോജ്**

ദൈവത്തെ കണ്ടുമുട്ടിയ ഇരുപത്തിയഞ്ചിലധികം പേരാണ് ഞങ്ങൾ. ഞങ്ങളുടെ സംഗീതം അവിടുത്തേക്ക് തിരിച്ചു നൽകാൻ ഞങ്ങൾ തീരുമാനിച്ചു; അവിടുന്നാകട്ടെ, ഞങ്ങൾ സങ്കൽപ്പിച്ചതിലും അപ്പുറമായി ഞങ്ങളുടെ കഴിവുകളെ വർദ്ധിപ്പിച്ചു.

***മ്യൂസിക് റിട്രീറ്റുകളും വർക്ക്ഷോപ്പുകളും***

സംഗീതത്തിലൂടെ മറ്റ് സംഗീതജ്ഞരിലേക്ക് ഇറങ്ങിച്ചെല്ലുകയും, മ്യൂസിക് വർക്ക്ഷോപ്പുകളിലൂടെയും റിട്രീറ്റുകളിലൂടെയും വിശ്വാസം പങ്കുവയ്ക്കുകയും ചെയ്യുക എന്നത് റെക്സ് ബാൻഡിന്റെ പ്രധാന ശുശ്രൂഷകളിൽ ഒന്നാണ്. 1994-2000 കാലഘട്ടത്തിൽ കേരളത്തിലുള്ള കത്തോലിക്കാ സംഗീതജ്ഞർക്കും ഗായകസംഘാംഗങ്ങൾക്കുമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി വാരാന്ത്യ മ്യൂസിക് റിട്രീറ്റുകൾ റെക്സ് ബാൻഡ് അടങ്ങുന്ന ജീസസ് യൂത്ത് മ്യൂസിക്ക് മിനിസ്ട്രി നയിച്ചിരുന്നു. ഈ ശുശ്രൂഷകളിലൂടെ സംഗീതത്തിലൂടെയുള്ള ഒരു ക്രിസ്തു അനുഭവം സാധ്യമാക്കാനും, അതുവഴി സംഗീതത്തിലൂടെയുള്ള സുവിശേഷവത്കരണത്തിലേക്ക് അവരെ ക്ഷണിക്കാനും സാധ്യമായി.

# ഗായിക ജെൻസി
# ഒരുകാലത്തിന്റെ തനിമയാർന്ന ഗാനനിർഝരി



**ഫാ. വില്യം നെല്ലിക്കൽ**



***നന്നേ ചെറുപ്പത്തിൽ കണ്ടെത്തിയ അപൂർവ്വനാദം***

ജെൻസി എന്ന ഗായികയുടെ മധുരവും അന്യൂനവുമായ നാദം മലയാളത്തിൽ ആദ്യമായി കേൾക്കാനായത് 1971-ൽ എറണാകുളത്ത് റെക്കോർഡ് ചെയ്ത ഒരു ഭക്തിഗാനത്തിലൂടെയായിരുന്നു.

*ജീവിക്കും ദൈവത്തിൻ*
*ദിവ്യകുഞ്ഞാടിനെ*
*സ്വീകരിക്കുന്നിതാ*
*ഞാൻ.... സ്വീകരിക്കുന്നിതാ ഞാൻ*
*പാപങ്ങളെല്ലാം അകറ്റി*
*യെൻ മാനസം*
*പാവനമാക്കീടുവാൻ ....*

വരാപ്പുഴ അതിരൂപതയുടെ ആരാധനക്രമ സംഗീതത്തിനുള്ള കേന്ദ്രമായ സി.എ.സി. (കൊച്ചിൻ ആർട്സ് & കമ്മ്യൂണിക്കേഷൻ) എന്ന സ്ഥാപനത്തിലെ അന്നത്തെ ലളിതമായ റെക്കോർഡിങ്ങ് സൗകര്യത്തിൽ രേഖീകൃതമായിരുന്ന ഈ ഗാനം സിഎസി യുടെ ഡയറക്ടറായിരുന്ന ഫാദർ മൈക്കിൾ പനക്കൽ രചിച്ച് ജോബ് & ജോർജ്ജ് ഈണം പകർന്നതാണ്. പി.എം. ജോർജ്ജ്, റെക്സ് ഐസക്സ് (വയലിൻ) എമിൽ ഐസക്സ് (ഗിറ്റാർ), എം.ഇ. മാനുവൽ (ഹർമോണിയം) എന്നിവർ ചേർന്ന് ഒരുക്കിയ പശ്ചാത്തല സംഗീതവുമായിട്ടാണ് ഈ ഗാനം 1970-ൽ പുറത്തുവന്നത്. എന്നും ജെൻസിയുടെ പേരിനോടു ചേർത്ത് ഓർക്കാവുന്ന സുന്ദരമായൊരു ദിവ്യകാരുണ്യഗാനമാണിത്.

അന്ന് 10 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ജെൻസി എന്ന ഗായിക പള്ളുരുത്തിയിലെ പിടിയഞ്ചേരി ആന്റണിയുടേയും സിസിലിയുടേയും മകളാണ്. സംഗീതപ്രേമിയായിരുന്ന പിതാവ് ആന്റണി തന്റെ മൂന്നു മക്കൾക്കും സംഗീതം അഭ്യസിക്കുവാനുള്ള അവസരം നന്നേ ചെറുപ്പത്തിലെ നല്കി. ജെൻസി പള്ളുരുത്തി രാമൻകുട്ടി ഭാഗവതർ, നടേശൻ മാസ്റ്റർ, പിന്നീട് മധുസൂദനൻ മാസ്റ്റർഎന്നിവരിൽ നിന്നും കർണ്ണാടക സംഗീതം പഠിച്ചിരുന്നു. അറിയപ്പെട്ട സംഗീതജ്ഞനും ലീഡ് ഗിറ്റാറിസ്റ്റുമായ ജെർസൻ ആന്റണിയും, ബെയ്സ് ഗിറ്റാറിസ്റ്റ് ജോളി ആന്റണിയും ജെൻസിയുടെ മൂത്ത സഹോദരങ്ങളാണ്.

***ഗാനഗന്ധർവന്റെ അംഗീകാരം***



## അഭിനന്ദനങ്ങൾ

***റവ. ഡോ. ആന്റണി സിജൻ***
***മണുവേലിപ്പറമ്പിൽ***
*കെആർഎൽസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ സെക്രട്ടറിയായി നിയമിതനായി*

1975 ലെ ആഗസ്റ്റ് മാസത്തിൽ ഫാദർ ജോസഫ് കുരീത്തറ ചരിത്രപുരാതനമായ കൊച്ചി രൂപതയുടെ 33-ാമത്തെ മെത്രാനായി സ്ഥാനമേറ്റ ചടങ്ങിൽ കൊച്ചി സാന്താക്രൂസ് ബസിലിക്ക ഇടവകാംഗമായ കാട്ടാശ്ശേരി ജോസഫ് യേശുദാസും, കെ.ജെ. യേശുദാസും സന്നിഹിതനായിരുന്നു. അന്നത്തെ തിരുക്കർമ്മങ്ങൾക്ക് മോടിയായി വലിയൊരു ഗായകസംഘത്തിന് നേതൃത്വം നൽകാൻ ജെൻസിയും ഉണ്ടായിരുന്നു. ജെൻസിയുടെ അത്യപൂർവ്വമായ ശബ്ദം യേശുദാസിന്റെ ശ്രദ്ധ പിടിച്ചു പറ്റി. അതേ വേദിയിൽ സ്ഥാനാരോഹണത്തിന്റെ ബഹുമാനാർത്ഥം അന്നു വൈകുന്നേരം (സാന്താക്രൂസ് ബസിലിക്കയുടെ അങ്കണത്തിൽ) നടത്തിയ സംഗീതപരിപാടിയിൽ തന്നോടൊപ്പം പാട്ടുപാടുവാൻ യുവഗായിക ജെൻസിയെയും ഗാനഗന്ധർവ്വൻ ക്ഷണിച്ചു. രാഗം എന്ന സിനിമയിൽ സുശീലാമ്മ ആലപിച്ച "അമ്പാടിപ്പൂങ്കുയിലേ..." എന്ന ഗാനം യേശുദാസിന്റെ പരിപാടിയിൽ, കൊച്ചിയിലെ സംഗീതാസ്വാദകരുടെയും സഭാദ്ധ്യക്ഷന്മാരുടെയും നിറഞ്ഞ സദസ്സിൽ ജെൻസി പാടിയത് ഏറെ ശ്രദ്ധേയമായി.

### *ഗുരുസ്ഥാനീയർ ഇഷ്ടപ്പെട്ട സ്വരമാധുരി*

കോളേജിൽ പഠിക്കുകയായിരുന്ന ജെൻസി യേശുദാസിനോടൊപ്പം ഇന്ത്യയുടെ വിവിധ നഗരങ്ങളിലെ സംഗീതപരിപാടികളിൽ പങ്കെടുക്കുകയുണ്ടായി. ഇസൈ മന്നൻ, ഇളയരാജയെ ജെൻസിയെ പരിചയപ്പെടുത്തിയത് യേശുദാസാണ്. തുടർന്ന് ഇളയരാജയുടെ കീഴിൽ തമിഴ് സിനിമയിൽ പാടിക്കൊണ്ടാണ് ജെൻസി തെന്നിന്ത്യയുടെ ചലച്ചിത്ര ലോകത്ത് താരമായി തിളങ്ങുന്നത്. ഇളയരാജയുടെ കീഴിൽ തിരുപുരസുന്ദരി, അലയ്കൾ ഓയ്വതില്ലൈ എന്നീ സിനിമകളിൽ തുടങ്ങി മലയാളത്തിന്റെ ഗുരുസ്ഥാനീയരായ എം.കെ. അർജ്ജുൻ, രവീന്ദ്രൻ, വിദ്യാധരൻ, ജോൺസൺ, ജെറി അമൽദേവ്, ജോബ്മാസ്റ്റർ, ജോളി എബ്രഹാം എന്നിവർക്കൊപ്പവും നല്ല ഗാനങ്ങൾ പാടുവാൻ ജെൻസിക്ക് തുടർന്നുള്ള കാലത്ത് ഭാഗ്യമുണ്ടായി.

അർജ്ജുൻ മാഷിന്റെ അമ്പാടിപ്പൂമാല്യത്തിലും, രവീന്ദ്രൻ മാഷിന്റെ ചൂളയിലും, വിദ്യാധരൻ മാഷിന്റെ വീണപൂവിലും ജെൻസി പാടിയ ഗാനങ്ങൾ ഹിറ്റായിത്തീർന്നു. വീണപ്പൂവിൽ ജെൻസി യേശുദാസിനൊപ്പം പാടിയ കന്നിമാസത്തിലെ എന്ന ഒറ്റഗാനം യുവഗായികയുടെ കഴിവിനും സംഗീതസമർപ്പണത്തിനും തെളിവായി നില്ക്കുന്നു. അതുപോലെ പ്രിയ എന്ന ഇളയരാജ സിനിമയിലെ എന്നുയിർ നീതാനേ.... എന്ന ഗാനം ജെൻസിക്ക് തമിഴകത്തിന്റെ അംഗീകാരം നേടിക്കൊടുത്ത ഗാനമായിരുന്നു.

### *സിനിമയ്ക്കപ്പുറവും ജീവിതത്തെ സംഗീതസാന്ദ്രമാക്കിയ ഗായിക*

1982 ൽ 20 വയസ്സെത്തിയ യുവഗായികയുടെ ശബ്ദമാധുരിയും വിനയഭാവവും കുട്ടികളോടുള്ള വാത്സല്യവും കണ്ട കൊച്ചിയിലെ ഗുജറാത്തി സ്കൂൾ മാനേജ്മെന്റ് തങ്ങളുടെ സ്ഥാപനത്തിന്റെ സംഗീതാദ്ധ്യാപികയായി ജെൻസിയെ നിയമിച്ചു. തുടർന്നും റെക്കോർഡിങ്ങുകൾക്കും നല്ല സംഗീതവേദികളിലും ജെൻസി പാടുമായിരുന്നു. എന്നാൽ ഈ ഗായിക ഒരു നല്ല സംഗീത അദ്ധ്യാപികയായി ജോലി ചെയ്യുന്നതിൽ കണ്ടെത്തിയ അഭിമാനവും ആനന്ദവും ഏറെ വലുതായിരുന്നു. 38 വർഷങ്ങൾ നീണ്ടതായിരുന്നു ഗുജറാത്തി സ്കൂളിൽ ജെൻസിയുടെ സംഗീത അദ്ധ്യാപനം. തൊഴിലിനെയും കുടുംബജീവിതത്തെയും രണ്ടു മക്കളുടെ വളർച്ചയെയും സംഗീതത്തിന്റെ സാംസ്കാരിക വേദിയെയും വേറിട്ടു കാണുകയും, ഇവയെ സമന്വയിപ്പിച്ച് കുടുംബത്തെ ഒരു സ്നേഹസമർപ്പണവും നേട്ടവുമായി കാണുകയും ചെയ്ത ജെൻസിയിൽ ഇന്നും തിളങ്ങുന്ന ജീവിതാനന്ദം അത്യപൂർവ്വമാണ്.

ഇന്ത്യയിൽ മദ്രാസ്, ബോംബെ മഹാനഗരങ്ങളിൽ മാത്രം വളർന്നു നിന്ന സിനിമാലോകത്ത് 80-കളിൽ ജെൻസി 40-ൽ അധികം സിനിമകളിൽ പാടി തെന്നിന്ത്യയുടെ ജനപ്രീതിയാർജ്ജിച്ച ഗായികയായി മാറി. കേരളത്തിൽ ജോബ് & ജോർജ്ജ്, ജെറി അമൽദേവ്, പീറ്റർ റൂബൻ, ജിം തുടങ്ങി നിരവധി സംഗീതജ്ഞരുടെ കീഴിൽ ജെൻസി പാടിയ ഭക്തിഗാനങ്ങൾ ശബ്ദമാധുരിയും ഭക്തിരസവും കൊണ്ട് ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു.

*കർമ്മല സുമമേ നറുതേൻ കുടമേ (ആർച്ച്ബിഷപ്പ് കൊർണേലിയൂസ്- ജോബ് & ജോർജ്ജ്)*

*വാനത്തിൽ വാഴുന്ന റാണി (ഫാ. മൈക്കിൾ പനച്ചിക്കൽ - ജോബ് & ജോർജ്ജ്)*

*മഞ്ഞിൽ കുളിച്ച മലമുകളിൽ (ഫാ. മൈക്കിൾ പനക്കൽ - റെക്സ് ഐസക്സ്)*

*എത്രയും ദയയുള്ള മാതാവേ (ഫാ. ജോസഫ് മനക്കിൽ - ജെറി അമൽദേവ്)*

എന്നീ ഭക്തിഗാനങ്ങൾ ജെൻസിയുടെ നാദത്തിലും ഭക്തിരസത്തിലും മലയാളികളുടെ മനസ്സിൽ കാലാതീതമായി തെളിഞ്ഞു നില്ക്കുന്നു.ഭാവാത്മകനാദത്തിന്റെയും മധുരമാർന്ന വ്യക്തിത്വത്തിന്റെയും ഉടമയ്ക്ക് നന്ദിയും ആശംസകളും!



# ക്രിസ്ത്യാനി



ബാബു ജോൺ
കൊട്ടാരത്തിൽ

*ശബ്ദമില്ലാത്തവന്റെ ശബ്ദമായി നിലകൊണ്ടവന്
അവന്റെ ഛായയായിരുന്നു ഉത്തരമുണ്ടായിട്ടും
നിശബ്ദനായി നിന്നവന് അവന്റെ
മുഖമായിരുന്നു.*

*തെറ്റുകൾക്കെതിരെ നിലകൊണ്ടവന് അവന്റെ
ശബ്ദമായിരുന്നു.
കൂടെ നിന്നവനെ ചേർത്തു പിടിച്ചവന് അവന്റെ
കരബലമുണ്ടായിരുന്നു.*

*മറ്റുള്ളവർക്കായി ഭാരമേറ്റവന് അവന്റെ
ശക്തിയുണ്ടായിരുന്നു.
നിസ്വനു വേണ്ടി രക്തം ചിന്തിയവന്
അവന്റെ മണമായിരുന്നു.*

*നിന്റെ മുഖത്ത് ഈ ജനം കാർക്കിച്ച് തുപ്പട്ടെ.
നിന്റെ വസ്ത്രം ഈ ജനം ഉരിഞ്ഞെടുക്കട്ടെ.*

*നിന്റെ ശിരസ്സിൽ കൂർത്ത മുള്ളുകൾ
തുളഞ്ഞിറങ്ങട്ടെ.
നിന്റെ രക്തത്തിനായി ഈ ജനം
ആക്രോശിക്കട്ടെ.*

*നിന്റെ പുറത്ത് ചാട്ടവാറുകൾ ആഞ്ഞ്
പതിക്കട്ടെ.
രക്തം പുരണ്ട നിന്റെ കാൽപാടുകൾ
ഈ മണ്ണിൽ പതിയട്ടെ.
എങ്കിൽ നീ ക്രിസ്ത്യാനി.*

**വരാപ്പുഴ അതിരൂപത ജൂബിലി സ്മാരകമായ സെന്റ് ജോസഫ് മാലിപ്പുറം ദൈവാലയ നിർമാണത്തിന് സംഭാവന നൽകിയവർ**

1. സഹായ മാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 5,850 രൂപ
2. സെന്റ് മേരീസ് യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 6,900 രൂപ
3. കാരുണ്യമാതാ ചർച്ച്, പൊന്നാരിമംഗലം - 10,000 രൂപ
4. മൗണ്ട് കാർമൽ ചർച്ച്, മാമംഗലം - 2,00,058 രൂപ
5. സെന്റ് പാട്രിക് ചർച്ച്, വൈറ്റില - 1,00,000 രൂപ

# ലയണൽ മെസ്സി: പ്രതിഭയും പ്രാർത്ഥനയും ചേർത്തുവെച്ച ഇതിഹാസ യാത്ര



**ഡൊമിനിക് ഷൈജു**

ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും മഹാനായ കളിക്കാരനായി ലയണൽ മെസ്സിയെ ലോകം ഇന്ന് വാഴ്ത്തുമ്പോൾ, ആ വിജയകിരീടത്തിന് പിന്നിൽ കണ്ണീരിന്റെയും കഠിനമായ പോരാട്ടങ്ങളുടെയും ഒരു വലിയ കഥയുണ്ട്. പ്രതിഭയെക്കാൾ വലിയ പ്രതിസന്ധികളെ നേരിട്ട്, ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തോടെയും സമർപ്പണ ത്തോടെയും ലോകം കീഴടക്കിയ ഒരു മനുഷ്യന്റെ പ്രചോദനാത്മ കമായ ജീവിതമാണിത്.

***കുഞ്ഞു ലിയോയും ആദ്യ പടവുകളും***

1987 ജൂൺ 24-ന് അർജന്റീനയിലെ റൊസാരിയോ എന്ന നഗരത്തിലാണ് ലയണൽ ആന്ദ്രേസ് മെസ്സി ജനിച്ചത്. ഒരു സാധാരണ ഫാക്ടറി തൊഴിലാളിയായ ജോർജ്ജ് മെസ്സിയുടെയും ശുചീകരണ ജോലി ചെയ്തിരുന്ന സെലിയ കുച്ചിറ്റിനിയുടെയും മകനായി ജനിച്ച ലിയോയ്ക്ക് ദാരിദ്ര്യം നിറഞ്ഞ ഒരു കുട്ടിക്കാലമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ആ കുഞ്ഞു ഹൃദയത്തിൽ ഫുട്ബോളിനോടുള്ള പ്രണയം ചെറുപ്പത്തിലേ മൊട്ടിട്ടിരുന്നു. തന്റെ അഞ്ചാം വയസ്സിൽ പ്രാദേശിക ക്ലബ്ബായ ഗ്രാൻഡോളിക്ക് വേണ്ടി കളിച്ചുകൊണ്ടാണ് അവൻ കാൽപന്തിന്റെ ലോകത്തേക്ക് കാൽവെച്ചത്.

മെസ്സിയുടെ ജീവിതത്തിലെ ഏറ്റവും വലിയ സ്വാധീനം അദ്ദേഹത്തിന്റെ അമ്മൂമ്മയായ സെലിയയായിരുന്നു. ലിയോയിലെ പ്രതിഭയെ ആദ്യം തിരിച്ചറിഞ്ഞതും അവനെ കളിക്കളത്തിലേക്ക് കൈ പിടിച്ചു നടത്തിയതും അവരായിരുന്നു. പിൽക്കാലത്ത് താൻ നേടുന്ന ഓരോ ഗോളുകളും ഇരു കൈകളും ആകാശത്തേക്ക് ഉയർത്തി മെസ്സി സമർപ്പിക്കുന്നത്, തന്റെ കുട്ടിക്കാലത്ത് തന്നെ വിട്ടുപിരിഞ്ഞുപോയ പ്രിയപ്പെട്ട അമ്മൂമ്മയുടെ ഓർമ്മകൾക്ക് മുന്നിലാണ്.ജീവിതത്തെ മാറ്റിമറിച്ച രോഗാവസ്ഥ മെസ്സിക്ക് പത്ത് വയസ്സുള്ളപ്പോഴാണ് അദ്ദേഹത്തിന്റെ ജീവിതത്തെയും കരിയറിനെയും തകിടം മറിക്കാവുന്ന ഒരു രോഗം കണ്ടെത്തുന്നത്. ശരീരത്തിന്റെ വളർച്ചയെ ബാധിക്കുന്ന 'ഗ്രോത്ത് ഹോർമോൺ ഡെഫിഷ്യൻസി' എന്ന രോഗമായിരുന്നു അത്. സമപ്രായക്കാരായ കുട്ടികളെപ്പോലെ വളരാൻ മെസ്സിയുടെ ശരീരം അനുവദിച്ചില്ല. ഈ രോഗത്തിനുള്ള ചികിത്സ വളരെ ചെലവേറിയ തായിരുന്നു. ഓരോ മാസവും നൂറുകണക്കിന് ഡോളർ ചികിത്സയ്ക്കായി ആവശ്യമായി വന്നു. ഒരു സാധാരണ കുടുംബമായ മെസ്സിയുടെ മാതാപിതാക്കൾക്ക് ആ തുക താങ്ങാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. തന്റെ സ്വപ്നങ്ങൾ പാതിവഴിയിൽ പൊലിഞ്ഞുപോകുമെന്ന അവസ്ഥയിലും, മെസ്സിയും കുടുംബവും ദൈവത്തിലുള്ള പ്രത്യാശ കൈവിട്ടില്ല. വേദന നിറഞ്ഞ ഹോർമോൺ കുത്തിവെയ്പ്പുകൾ ഓരോ ദിവസവും ആ കുഞ്ഞു കാലുകളിൽ എറ്റുക്കേണ്ടിവന്നിട്ടും അവൻ ഫുട്ബോളിനെ ഉപേക്ഷിച്ചില്ല.

ബാഴ്സലോണയിലേക്കുള്ള ദൈവനിയോഗം

മെസ്സിയുടെ കുടുംബം സാമ്പത്തികമായി തകർന്നുനിൽക്കുന്ന സമയത്താണ് സ്പെയിനിലെ പ്രമുഖ ക്ലബ്ബായ എഫ്.സി. ബാഴ്സലോണയുടെ രൂപത്തിൽ ദൈവനിയോഗം ഉണ്ടാകുന്നത്. മെസ്സിയുടെ അസാധാരണമായ കഴിവ് കണ്ട ബാഴ്സലോണയുടെ ഡയറക്ടർ കാർലോസ് റെക്സാച്ച് അവനെ ക്ലബ്ബിലേക്ക് ക്ഷണിച്ചു. മെസ്സിയുടെ ചികിത്സാച്ചെലവ് മുഴുവൻ ക്ലബ്ബ് ഏറ്റെടുക്കാമെന്ന് അവർ സമ്മതിച്ചു. അങ്ങനെ തന്റെ പതിമൂന്നാം വയസ്സിൽ ജന്മനാടും കുടുംബവും സുഹൃത്തുക്കളും നൽകിയ സുരക്ഷിതത്വം

ഉപേക്ഷിച്ച്, മെസ്സി സ്പെയിനിലേക്ക് കുടിയേറി. അപരിചിതമായ രാജ്യത്തെ ആദ്യ നാളുകൾ കഠിനമായ ഏകാന്തതയുടേതായിരുന്നു. കടുത്ത അന്യദേശ വികാരവും കരിയറിലെ കനത്ത സമ്മർദ്ദവും അവനെ അലട്ടി. എന്നാൽ പ്രതിസന്ധികളെയെല്ലാം കഠിനാധ്വാനംകൊണ്ടും പ്രാർത്ഥന കൊണ്ടും മെസ്സി അതിജീവിച്ചു. ബാഴ്സലോണ യുടെ ലാ മാസിയ എന്ന യൂത്ത് അക്കാദമിയിൽ അവൻ സ്വയം പാകപ്പെടുത്തിയെടുത്തു. മഹത്വത്തിന്റെ കൊടുമുടിയിലേക്ക് ബാഴ്സലോണയുടെ സീനിയർ ടീമിൽ അരങ്ങേറ്റം കുറിച്ചതോടെ ഫുട്ബോൾ ലോകം ഒരു പുതിയ ചരിത്രത്തിന് സാക്ഷ്യം വഹിക്കുകയായിരുന്നു. ലോകത്തിലെ ഏറ്റവും മികച്ച കളിക്കാരനുള്ള 'ബാലൺ ഡി ഓർ' പുരസ്കാരം എട്ടു തവണ സ്വന്തമാക്കിയ ഒരേയൊരു താരം മെസ്സിയാണ്. ബാഴ്സലോണയ്ക്ക് വേണ്ടി എണ്ണമറ്റ കിരീടങ്ങളും ഗോളുകളും അദ്ദേഹം നേടി ക്കൊടുത്തു.ക്ലബ്ബ് തലത്തിൽ എല്ലാ വിജയങ്ങളും സ്വന്തമാക്കിയപ്പോഴും തന്റെ ജന്മനാടായ അർജന്റീനയ്ക്ക് വേണ്ടി ഒരു വലിയ കിരീടം നേടാൻ കഴിയാത്തത് മെസ്സിയെ ഏറെ വേദനിപ്പിച്ചു.

കടുത്ത വിമർശനങ്ങളും പരാജയങ്ങളും നേരിട്ട അദ്ദേഹം ഒരു ഘട്ടത്തിൽ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കാൻ പോലും തീരുമാനിച്ചു. എന്നാൽ തന്റെ രാജ്യത്തോടുള്ള സ്നേഹവും ദൈവത്തിലുള്ള വിശ്വാസവും അവനെ വീണ്ടും കളിക്കളത്തിൽ തിരിച്ചെത്തിച്ചു. ഒടുവിൽ 2021-ൽ കോപ്പ അമേരിക്ക കിരീടവും, 2022-ൽ ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആരാധകരുടെ പ്രാർത്ഥനകൾ സഫലമാക്കിക്കൊണ്ട് ഖത്തറിൽ വെച്ച് ലോകകപ്പ് കിരീടവും മെസ്സി അർജന്റീനയ്ക്കായി ഉയർത്തി. 'ദൈവം ഇത് എനിക്ക് തരുമെന്ന് എനിക്ക് ഉറപ്പായിരുന്നു,' എന്നാണ് ലോകകപ്പ് വിജയത്തിന് ശേഷം മെസ്സി വികാരാധീനനായി



പറഞ്ഞത്.

### കാരുണ്യത്തിന്റെ ഹൃദയം

***തന്റെ വലിയ വിജയങ്ങളിലും ലളിതമായ ജീവിതം നയിക്കുന്ന ആളാണ് മെസ്സി. 'ലിയോ മെസ്സി ഫൗണ്ടേഷൻ' വഴി ലോകമെമ്പാടുമുള്ള ദരിദ്രരായ കുട്ടികളുടെ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമായി അദ്ദേഹം വലിയ തോതിൽ സാമ്പത്തിക സഹായം നൽകിവരുന്നു. താൻ അനുഭവിച്ച രോഗത്തിന്റെ വേദന മറ്റൊരു കുട്ടിയും അനുഭവിക്കരുത് എന്ന നിർബന്ധം അദ്ദേഹത്തി നുണ്ട്. ശാരീരികമായ പരിമിതികളെയും ജീവിതത്തിലെ കടുത്ത പ്രതിസന്ധികളെയും വിശ്വാസത്തിന്റെ കരുത്തുകൊണ്ട് അതിജീവിച്ച വ്യക്തിയാണ് ലയണൽ മെസ്സി.***

പ്രതിഭ എന്നത് ജനനത്തോടെ ലഭിക്കുന്നതാണെങ്കിലും, അതിനെ വിജയത്തിലെത്തിക്കുന്നത് കഠിനാധ്വാനവും വിനയവുമാണെന്ന് മെസ്സിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. വീണുപോകുന്ന നിമിഷങ്ങളിൽ പ്രത്യാശയോടെ മുന്നോട്ട്

# ഒരാത്മാവും ഒരേ ഹൃദയവുമായി ഒരു നാട്

## ഏവർക്കും ഓണാശംസകൾ



ജയ്സൺ റ്റി. ജോൺ

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിവേചനം ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ നിന്നും തിരിച്ചെടുത്ത് വിരുന്നു മുറിയിൽ പ്രതിഷ്ഠിക്കാൻ പാകത്തിലുള്ള മനസുമായാണ് പലരും ഇന്ന് ജീവിക്കുന്നത്. അതിനിടയിലാണ് 'മാനുഷരെല്ലാരും ഒന്നുപോലെ' എന്ന് ഓണം പാടിത്തരുന്നത്. ഐക്യം-ഇന്ന് അഭാവം നേരിടുന്ന സങ്കല്പം. കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രീയത്തിലും മത സംവിധാനങ്ങളിലും വരെ ഇന്ന് വെല്ലുവിളി നേരിടുന്ന ഒരുമയുടെ സന്ദേശമാണ് ഓണാഘോഷം അന്നേ പാടി വച്ചത്.

മക്കളെ തമ്മിലും പണം നോക്കി വേർതിരിക്കുന്ന മാതാപിതാക്കളുടെ കാലം കൂടിയാണിത്. അതിനിടെ എല്ലാരും ഒന്നുപോലെ എന്ന സന്ദേശം ചിലർക്കെങ്കിലും അലോസരമായേക്കാം.

ആപത്തുകൾ വിട്ടൊഴിഞ്ഞ ആമോദത്തിന്റെ കാലം നമുക്ക് തന്നെ സൃഷ്ടിക്കാൻ കഴിയുമെന്ന ഉത്തമ വിശ്വാസവും തിരുവോണം നൽകുന്നു.

കള്ളവും ചതിയും കള്ളപ്പറയും ചെറുനാഴിയുമില്ലാത്ത സത്യത്തിന്റെയും സൻമനസിന്റെയും സമൂഹം എന്നതാണ് ഇതിന്റെ മുൻ ഉപാധി.

കാലവർഷം സമൃദ്ധമാക്കിയ നാടിന്റെ കൊയ്ത്തുൽസവമായി ഓണം ആഘോഷിക്കപ്പെടുന്നു. മഴ പാകപ്പെടുത്തിയ വിളകൾ മണ്ണ് നമുക്ക് സമ്മാനിക്കുന്നു. അതിൽ പൂക്കളുണ്ട് പഴങ്ങളുണ്ട് ധാന്യങ്ങളുണ്ട്. ഇവ വിളമ്പാൻ ഇല പോലും പ്രകൃതി നമുക്ക് സമ്മാനിക്കുന്നു.

തീർത്തും ജൈവമായ, പരിസ്ഥിതിക്കിണങ്ങിയ ഈ ആഘോഷം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഒത്തുചേരലിന്റെ, ഒത്തുപോകലിന്റെ കൂടി പ്രതീകമാണ്.

മനുഷ്യ സമൂഹത്തിൽ നാം പുലർത്തുന്ന സംസ്കാരം അസ്തിത്വത്തിന്റെ കേവല സാഹചര്യങ്ങളിൽ കണ്ടുമുട്ടുന്ന ഏത് ജീവാംശത്തോടും അവലംബിക്കേണ്ടതു കൂടിയാണെന്ന് അന്നേ നമ്മൾ മനസ്സിലാക്കിയിരുന്നു.

രാഷ്ട്രമീമാംസ പ്രകാരം ഏറ്റവും മികച്ച ഭരണരീതി ഒരു നല്ലവനായ രാജാവിന്റെ പരമാധികാരമാണ്. അത്തരം ഒരു നാട് സ്വർഗതുല്യം എന്ന വിശേഷണം അർഹിക്കുന്നു. അവിടെ മനുഷ്യനും പക്ഷിമൃഗാദികളും പരിസ്ഥിതിയുമെല്ലാം അവകാശങ്ങൾ ആസ്വദിക്കുന്ന പ്രജകളാണ്. ആ പാരസ്പര്യം കൂടിയാണ് ഓണം നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന ഈ സ്വർഗം.

ഒന്നു മനസിരുത്തിയാൽ, സ്വർഗരാജ്യം നിങ്ങൾക്കിടയിൽ തന്നെയുണ്ട് എന്ന വാക്യത്തിന്റെ സാക്ഷാത്കാരമായും ഇതിനെ കാണാം.

ഇവിടെ സുരലോകം ആസുരഭാവം വീണ്ടെടുത്തു എന്ന ഐതിഹ്യം, മനുഷ്യന് ദേവന്മാരെക്കാൾ ഉപരി മഹത്വംകൈവരിക്കാൻ കഴിയും എന്ന സത്യത്തിന്റെ നിദർശനം കൂടിയാണ്.

സത്യത്തിൽ ഇത്തരമൊരു സമൂഹം സാധ്യമോ എന്ന് ചിന്തിക്കുന്നവരുണ്ടാകാം. സ്ഥിതി സമത്വം ശാസ്ത്രീയ നിർവചനങ്ങളാകുന്നതിനു മുൻപേ തന്നെ ചിലർ അങ്ങനെയൊക്കെ ജീവിച്ചി രുന്നു.

അതെപ്പോൾ എന്ന ചിന്തയിലൂടെ സഞ്ചരിക്കുമ്പോഴാണ് ഒരു വാക്യം നമ്മുടെ കണ്ണിൽ പ്പെടുന്നത്..

വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു (അപ്പ.പ്രവ.4:32).



# സൗഹൃദം ഒരു സമ്പത്ത്



ഫാ. ഗാരിസൺ പൈവ

**ഓഗസ്റ്റ് 6- ലോക സൗഹൃദ ദിനം.**

പുതിയ സകൂളിലേക്ക് വരുന്നൊരു കുട്ടി ക്ലാസിന്റെ ഇടവേളകളിലൊക്കെ ഒറ്റക്കിരിക്കുകയാണ്. അപരിചിതനായ അവനോടൊപ്പം കൂട്ട് കൂടാൻ ക്ലാസിലെ മറ്റൊരു കുട്ടി തയ്യാറാവുന്നു. വർഷങ്ങൾക്കിപ്പുറം ക്ലാസിൽ പഠിപ്പിച്ച എല്ലാ പാഠങ്ങളും ഓർത്തില്ലെങ്കിലും തന്നോട് കൂട്ട് കൂടിയ ഈ സുഹൃത്തിനെ അവൻ ഓർക്കും. നമുക്ക് സ്വീകരിക്കാനും നൽകാനും സാധിക്കുന്ന ഏറ്റവും മികച്ചൊരു സമ്മാനം സൗഹൃദമാണ്.

പല ശാസ്ത്രീയ പഠനങ്ങളും സൂചിപ്പിക്കുന്നത് മെച്ചപ്പെട്ട മാനസിക ആരോഗ്യത്തിന് സൗഹൃദങ്ങൾ നൽകുന്ന സംഭാവന വളരെ വലുതാണെന്നാണ്. ആധുനിക ന്യൂറോ സയൻസിന്റെ അഭിപ്രായത്തിൽ നല്ല സുഹൃത്തുക്കളുമായി സമയം ചെലവഴിക്കുന്നത് ഓക്സിടോസിൻ, ഡോപമിൻ, സെറോടോണിൻ എന്നിങ്ങനെയുള്ള ചില കെമിക്കലുകൾ നമ്മുടെ ബ്രയിനിൽ റിലീസ് ചെയ്യപ്പെടാൻ ഇടയാക്കുന്നു എന്നാണ്. അത് വലിയൊരാശ്വാസവും സന്തോഷവും നൽകുന്ന സമയങ്ങളായി മാറുന്നു.

***ഏകാന്തതയുടെ വൈരുദ്ധ്യം***

ഈ ഡിജിറ്റൽ ലോകത്തിൽ സൗഹൃദങ്ങൾ എപ്പോഴും ഒരു ചോദ്യചിഹ്നമായി അവശേഷി ക്കുന്നു. ആയിരത്തിലധികം ഓൺലൈൻ സുഹൃത്തുക്കൾ, നൂറിലധികം വാട്ട്സാപ്പ് കോൺടാക്റ്റുകൾ, ഇൻസ്റ്റാഗ്രാം ഫോളോവേഴ്സ്, ഗെയിമിംഗ് കമ്മ്യൂണിറ്റികൾ എന്നിവയൊക്കെയുണ്ടെങ്കിലും പലരും ഏകാന്തത അനുഭവിക്കുന്നത് എന്തുകൊണ്ടാണ്?

കാരണം ഡിജിറ്റൽ സൗഹൃദങ്ങളിൽ മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെട്ടേക്കാം (Attention) എന്നാൽ അവരുടെ സാന്നിധ്യം (Presence) ലഭിക്കുന്നില്ല. സോഷ്യൽ മീഡിയ ബന്ധങ്ങൾ സഹായകരമാണ്. എന്നാൽ ഒരു യഥാർത്ഥ സൗഹൃദ ത്തിന് സമയവും, വിശ്വാസവും, കേൾക്കാനുള്ളൊരു മനസ്സും, സാന്നിധ്യവും ഒക്കെ ആവശ്യമാണ്. ഏറ്റവും കൂടുതൽ ലൈക്സും ഇമോജികളും നൽകുന്ന വരല്ല, കൂടുതൽ കരുതലും പ്രതിബദ്ധതയും ഉള്ളവരാണ് യഥാർത്ഥ സുഹൃത്തുകൾ.

***സൗഹൃദം - വിവിധ പ്രായങ്ങളിൽ***

ചെറുപ്പത്തിലുള്ള സൗഹൃദങ്ങളിൽ നിന്നാണ് കുട്ടികൾ പല കാര്യങ്ങളും പഠിക്കുന്നത്. മറ്റുള്ളവരുമായി സഹകരിക്കാനും ക്ഷമിക്കാനും നേതൃത്വം ഏറ്റെടുക്കാനും കുട്ടികൾ ചെറിയ പ്രായത്തിലുള്ള സൗഹൃദങ്ങളിൽ നിന്നും പഠിക്കുന്നു. ടീനേജ് പ്രായമെത്തുമ്പോൾ സ്വഭാവങ്ങളും, താല്പര്യങ്ങളും, തീരുമാനങ്ങളും രൂപപ്പെടുത്താനും സ്വന്തം ഐഡന്റിറ്റി തിരിച്ചറിയുന്നതിനും സൗഹൃദങ്ങൾ സഹായിക്കുന്നു. മുതിർന്നവരാകാട്ടെ, ഒരു സപ്പോർട്ട് കണ്ടെത്തുന്നതും, സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവയ്ക്കുന്നതും സുഹൃത്തുക്കളിലൂടെയാണ്.

***അഞ്ച് തരം സുഹൃത്തുകൾ***

1. ആവേശം പകരുന്ന സുഹൃത്ത് (The Cheerleader) നമ്മുടെ വിജയങ്ങളെ അസൂയ കൂടാതെ ആഘോഷിക്കുന്ന സുഹൃത്തുക്കളാണ് ഇവർ.

2. സത്യം തുറന്നു പറയുന്ന സുഹൃത്ത് (The Truth Teller) നിങ്ങൾ തെറ്റ് ചെയ്യുമ്പോൾ സൗമ്യമായി നിങ്ങളെ തിരുത്തുന്ന അപൂർവ്വ സൗഹൃദമാണ് ഇവരുടേത്.

3. നിശബ്ദമായി പിന്തുണക്കുന്ന സുഹൃത്ത് (The Silent Supporter) അധികം സംസാരിക്കാത്ത, എന്നാൽ ഒരു സഹായം ആവശ്യമുള്ളപ്പോൾ എപ്പോഴും പ്രത്യക്ഷപ്പെടുന്ന സുഹൃത്തുക്കളാണ് ഇവർ.

4. സ്വപ്നങ്ങൾ വളർത്തുന്ന സുഹൃത്ത് (The Dream Builder) നമ്മുക്ക് നമ്മളിലുള്ളതിനേക്കാൾ വിശ്വാസം ഇക്കൂട്ടർക്ക് നമ്മളിൽ ഉണ്ടാകും. വിജയികളായ പലർക്കും ഇത്തരമൊരു



സുഹൃത്ത് ഉണ്ടാകാനിടയുണ്ട്.

5. അനുകൂല സാഹചര്യങ്ങളിൽ മാത്രം കൂടെയുള്ള സുഹൃത്ത് (The Fair-weather Friend) ആഘോഷവേളകളിൽ മാത്രം പ്രത്യക്ഷപ്പെടുന്നതും, പ്രതിസന്ധികളിൽ അപ്രത്യക്ഷമാകുന്നതുമായ സുഹൃത്ത്.

***നല്ല കൂട്ടുകാരാകാം***

കാലം ഇങ്ങനെ കടന്നുപോകുമ്പോൾ, നിങ്ങൾ പഠിപ്പിച്ച പാഠങ്ങളോ നേടിയ സമ്മാനങ്ങളോ സ്വന്തമാക്കിയവയോ ഒന്നുംതന്നെ ആളുകൾ ഓർക്കണമെന്നില്ല. എന്നാൽ, അവരിൽ എന്തുതരം അനുഭവങ്ങൾ നമ്മൾ പകർന്നുനൽകി എന്നതായിരിക്കും അവർ ഓർക്കുക. പങ്കുവെയ്ക്കുന്തോറും വളരുന്ന അപൂർവ്വം സമ്പത്തുകളിലൊന്നാണ് സൗഹൃദം. സൗഹൃദദിനത്തിൽ, സുഹൃത്തുക്കളോടൊപ്പം ആഘോഷിക്കുക മാത്രമല്ല; മറിച്ച്, നല്ലൊരു സുഹൃത്തായി മാറാൻ കൂടി ശ്രമിക്കാം. അതായത്, മറ്റുള്ളവരുടെ വാക്കുകൾ കേൾക്കുകയും, അവരെ പ്രോത്സാഹിപ്പിക്കുകയും, ക്ഷമിക്കുകയും, ആത്മാർത്ഥതയോടും പ്രത്യാശയോടും കൂടി അവർക്കൊപ്പം നടക്കുകയും ചെയ്യാം. അതോടൊപ്പം ഞാൻ ഒരു നല്ല സുഹൃത്താണോയെന്നും ഒരു നല്ല സുഹൃത്തിന്റെ ഗുണങ്ങൾ എന്നിലുണ്ടോയെന്നും ചിന്തിക്കുകയും ചെയ്യാം.

CARTOON **DEEPTHI** **സ്വാതന്ത്ര്യം?!** John Kakkanad



പാചക ദീപ്തി



# സീതപ്പഴം പായസം



ടോണി ജോസഫ് ജോൺ

**ചേരുവകൾ:-**

| | |
|---|---|
| സീതപ്പഴം 3 : | Nos പഴുത്തത് |
| പാൽ : | 750 ml |
| മിൽക്ക് മെയ്ഡ് : | ½ cup |
| ഏലക്കാപ്പൊടി : | ½ tsp |
| കശുവണ്ടി : | 12 Nos |
| മുന്തിരി : | 1 tbsp |
| നെയ്യ് : | 1 tsp |

**തയ്യാറാക്കുന്ന വിധം :-**

* സീതപ്പഴം മുറിച്ച് പൾപ്പ് എടുത്ത് വിത്തുകൾ പൂർണ്ണമായി നീക്കം ചെയ്യുക.
* പാൽ നന്നായി തിളപ്പിച്ച് ഏകദേശം 15-20 മിനിറ്റ് ചെറുതീയിൽ കുറുകുന്നത് വരെ ചൂടാക്കുക.
* മിൽക്ക് മെയ്ഡ് ചേർത്ത് ഇളക്കുക.
* ഏലക്കാപ്പൊടി ചേർത്ത് തീ ഓഫ് ചെയ്യുക.
* പാൽ പൂർണ്ണമായി തണുത്തതിന് ശേഷം സീതപ്പഴത്തിന്റെ പൾപ്പ് ചേർത്ത് നന്നായി ഇളക്കുക. (പാൽ തിളയ്ക്കുമ്പോൾ സീതപ്പഴം ചേർക്കരുത്. പാൽ തണുത്ത ശേഷം മാത്രമേ പഴത്തിന്റെ പൾപ്പ് ചേർക്കാവൂ. അല്ലെങ്കിൽ പാൽ പിരിയാൻ സാധ്യതയുണ്ട്.)
* നെയ്യിൽ വറുത്ത കശുവണ്ടിയും മുന്തിരിയും മുകളിൽ വിതറി വിളമ്പുക.
* കൂടുതൽ ക്രീമിയായി കിട്ടണമെങ്കിൽ കുറച്ച് ഫ്രഷ് ക്രീം ചേർക്കുന്നത് നല്ലതാണ്.
* ചൂട് പാലിൽ സീതപ്പഴം ചേർത്താൽ പാൽ പിരിയാൻ സാധ്യതയുണ്ട്.
* തണുപ്പിച്ച് കഴിക്കുമ്പോഴാണ് സീതപ്പഴം പായസത്തിന്ന് നല്ല രുചി കിട്ടുന്നത്.

## ആർച്ച്ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*സെന്റ്. ആന്റണീസ് ചർച്ച്, വടുതല - 25,000 രൂപ*
*പ്രസുദേന്തിമാർ, വില്ല സൊക്കൂർസോ, അട്ടിപ്പേറ്റി നഗർ, ചെമ്പുമുക്ക് - 20,000 രൂപ*
*സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ച്, പാലാരിവട്ടം - 10,000 രൂപ*
*സി.റ്റി.സി. കോൺഗ്രിഗേഷൻ ജനറലേറ്റ്- 10,000 രൂപ*
*മൗണ്ട് കാർമ്മൽ ചർച്ച്, ചാത്യാത്ത് - 10,000 രൂപ*
*ആകെ-75,000 രൂപ*



## .പേപ്പൽ ബഹുമതി ലഭിച്ചു

വരാപ്പുഴ അതിരൂപതയുടെ വികാരിജനറൽമാരായ ഫാ. മാത്യു കല്ലിങ്കലിനും ഫാ. മാത്യു ഇലഞ്ഞിമിറ്റത്തിനും പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ "ചാപ്ലിൻ ടു ഹിസ് ഹോളി നെസ്" ബഹുമതി നൽകി ആദരിച്ചു. വരാപ്പുഴ അതിരൂപതയുടെ വൈദിക സമ്മേളനത്തിൽ വച്ച് ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപറമ്പിൽ പിതാവ് നിയുക്ത വൈദികർക്ക് സ്ഥാനചിഹ്നങ്ങൾ നൽകി ആദരിച്ചു. സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ ആശംസകൾ അറിയിച്ചു. സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ ഇടവകാംഗമായ മോൺ. മാത്യു കല്ലിങ്കൽ ദീർഘനാൾ വരാപ്പുഴ അതിരൂപതയുടെ പ്രൊക്കുറേറ്റർ ഇ.എസ്.എസ്.എസ്. ഡയറക്ടർ, അസീസി വിദ്യാനികേതൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ എന്ന നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മരട് മേരി മഗ്ദലിൻ ഇടവകാംഗമായ മോൺ. മാത്യു ഇലഞ്ഞിമിറ്റം തോട്ടക്കാട്ടുകര പള്ളി വികാരി, മൈനർ സെമിനാരി റെക്ടർ, തുടർന്ന് ദീർഘകാലം ഓസ്ട്രിയായിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

*ഡോക്ടേഴ്സ് ദിനാഘോഷം*



***വരാപ്പുഴ അതിരൂപത സഹായ മെത്രാൻ റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ ലൂർദ് ആശുപത്രി ഡോക്ടേഴ്സ് ദിനാഘോഷം ഉദ്ഘാടനം ചെയ്യുന്നു.*** *സിസ്റ്റർ ഗോൾഡിൻ പീറ്റർ, ലൂർദ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ്, ഡോ. സന്തോഷ് ജോൺ എബ്രഹാം, ഡോ. പോൾ പുത്തൂരാൻ, ഡോ. അനൂഷ വർഗ്ഗീസ്, ഫാ. ആന്റണി റാഫേൽ കൊമരംചാത്ത് എന്നിവർ സമീപം.*

## വല്ലാർപാടം മരിയൻ തീർത്ഥാടനം സംഘാടക സമിതി രൂപീകരിച്ചു

ഈ വർഷത്തെ, ചരിത്രപ്രസിദ്ധമായ വല്ലാർപാടം മരിയൻ തീർത്ഥാടനം, സെപ്റ്റംബർ 13, ഞായർ, ഉച്ചകഴിഞ്ഞ് മൂന്നിന് നടത്തപ്പെടും. ഇതോടനുബന്ധിച്ചുള്ള 501 അംഗ കമ്മിറ്റികളുടെ രൂപീകരണം വരാപ്പുഴ അതിരൂപത മെത്രാസന മന്ദിര ഹാളിൽ വച്ച് മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. വല്ലാർപാടം മരിയൻ തീർത്ഥാടനത്തിന്റെ ചെയർമാൻമാരായി അതിരൂപത വികാരി ജനറൽമാരായ മോൺ. മാത്യു കല്ലിങ്കലും മോൺ. മാത്യു ഇലഞ്ഞിമറ്റവും ജനറൽ കൺവീനറായി. ഫാ. മാർട്ടിൻ തൈപ്പറമ്പിലും യോഗത്തിൽ വച്ച് തിരഞ്ഞെടുക്കപ്പെട്ടു.

# വാർത്തകൾ NEWS

.......................

***ഫുട്ബോൾ ഫീവർ 2026: വരാപ്പുഴ അതിരൂപത സെവൻസ് ടൂർണമെന്റിൽ രണ്ടാം ഫൊറോനയ്ക്ക് കിരീടം***

.......................





വരാപ്പുഴ അതിരൂപതയുടെ ആഭിമുഖ്യത്തിൽ കേരളവാണി, സെന്റ് ആൽബർട്ട്സ് കോളേജ് (ഓട്ടോണമസ്) എറണാകുളം, യൂത്ത് കമ്മീഷൻ എന്നിവർ സംയുക്തമായി സംഘടിപ്പിച്ച 'ഫുട്ബോൾ ഫീവർ 2026' സെവൻസ് ടൂർണമെന്റിൽ രണ്ടാം ഫൊറോന ജേതാക്കളായി. കലൂർ സെന്റ് ആൽബർട്ട്സ് കോളേജ് സ്പോർട്സ് കാമ്പസ് ഗ്രൗണ്ടിൽ ജൂലൈ 10 വെള്ളിയാഴ്ച്ച നടന്ന ആവേശപ്പോരാട്ടത്തിൽ ഏഴാം ഫൊറോന രണ്ടാം സ്ഥാനവും, എട്ടാം ഫൊറോന മൂന്നാം സ്ഥാനവും കരസ്ഥമാക്കി. എട്ട് ഫൊറോനകളിൽ നിന്നുള്ള യുവജന ടീമുകളെ അണിനിരത്തിക്കൊണ്ടാണ് മത്സരം സംഘടിപ്പിച്ചത്.

ആവേശകരമായ ടൂർണമെന്റിന്റെ ഉദ്ഘാടനം അതിരൂപത ചാൻസലർ വെരി. റവ. ഫാ. എബിജിൻ അറക്കൽ നിർവ്വഹിച്ചു. ചടങ്ങിൽ കേരളവാണി ഡയറക്ടർ റവ. ഫാ. യേശുദാസ് പഴമ്പിള്ളി, യൂത്ത് കമ്മീഷൻ ഡയറക്ടർ റവ. ഫാ. പ്രസാദ് കാനപ്പിള്ളി, സെന്റ് ആൽബർട്ട്സ് കോളേജ് സ്പോർട്സ് അഡ്മിനിസ്ട്രേറ്റർ റവ. ഫാ. വിൻസെന്റ് നടുവിലപ്പറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു.

.......................



വരാപ്പുഴ അതിരൂപത ബിസിസി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ എറണാകുളം വിമലാലയത്തിൽ വച്ച് നടത്തപ്പെട്ട ബിസിസി വനിതാ ഭാരവാഹി സംഗമം 'എസ്തേർ 2026' വരാപ്പുഴ സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു. സെന്റ്. സേവ്യഴ്സ് കോളേജ് ആലുവ പ്രിൻസിപ്പൽ പ്രൊഫസർ ഡോ. മിലൻ ഫ്രാൻസ്, ജെയിൻ സർവ്വകലാശാല പ്രൊഫസർ ഡോ. ബീന പി.ജെ., കൗൺസിലർ ശ്രീമതി അൻസ ജെയിംസ്, അതിരൂപത ബിസിസി കോഡിനേറ്റർമാരായ ശ്രീ. ജോൺസൺ ചിറക്കോടത്ത്, ശ്രീ റോബിൻ ചെമ്മായത്ത്, ശ്രീ. നിക്സൺ വേണാട്ട് എന്നിവർ പ്രസംഗിച്ചു..

.......................

സെന്റ് ആൽബർട്സ് ഹയർ സെക്കൻഡറി സ്കൂളിൽസംശയനിവാരണത്തിനും, വിദ്യാർത്ഥികളുടെ, ഇംഗ്ലീഷ് ഭാഷ പഠനത്തിനും, ഡിജിറ്റൽ പഠനാനുഭവം മെച്ചപ്പെടുത്തുന്നതിനുമായി 'ആൽബെർട്ടോ' എ.ഐ. ചാറ്റ്ബോട്ട് അവതരിപ്പിച്ചു. കൃത്രിമ ബുദ്ധി )സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി, ഒരുക്കിയിരിക്കുന്ന ഈ ചാറ്റ്ബോട്ട് വിദ്യാർത്ഥികൾക്ക് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഉടനടി മറുപടി ലഭ്യമാക്കുന്നതിനൊപ്പം, കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ്, ലിറ്റിൽ കൈറ്റ്സ്, ഇംഗ്ലീഷ് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ സംരംഭം ആരംഭിച്ചിരിക്കുന്നത്. സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സാന്നിധ്യത്തിൽ, വരാപ്പുഴ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി, ജനറൽ മാനേജർ ഫാ ജയൻ പയ്യപ്പിള്ളി ചാറ്റ് ബോട്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു. വിദ്യാഭ്യാസ രംഗത്ത് ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള സ്കൂളിന്റെ പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ സംരംഭമെന്ന് സ്കൂൾ അധികൃതർ അറിയിച്ചു.




*കാലം ചെയ്ത അഭിവന്ദ്യ ആർച്ച് ബിഷപ്പ് ഡോ. കോർണേലിയൂസ് ഇലഞ്ഞിക്കൽ തന്റെ റോമാ സന്ദർശനത്തിൽ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ പാപ്പയെ സന്ദർശിച്ചപ്പോൾ.*








വരാപ്പുഴ അതിരൂപത എക്യുമെനിസം ആന്റ് ഡയലോഗ് കമ്മീഷൻ ലോഗോ പ്രകാശനം വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപറമ്പിൽ നിർവഹിക്കുന്നു.



വരാപ്പുഴ അതിരൂപത പ്രോ ലൈഫ് സമിതിയുടെ ലോഗോ പ്രകാശനം വരാപ്പുഴ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവ് നിർവഹിക്കുന്നു.

# ദേശസ്നേഹം

വി. മത്താ. 22:15-22



ഡോ. വിൻസെന്റ്
വാര്യത്ത്

യഹൂദസമൂഹം ദൈവം നൽകിയ കൽപനകളും പിതാക്കന്മാരുടെ പാരമ്പര്യങ്ങളും ഹൃദയപൂർവ്വം പാലിക്കുന്നതിൽ നിരന്തരം ശ്രദ്ധിച്ചിരുന്നു. പ്രവാചകന്മാരും സമൂഹത്തിന്റെ നേതാക്കളും രാജാക്കന്മാരും യഹൂദ കൂട്ടായ്മയെ സമ്പന്നതയിൽ വളർത്തി. ഏതൊരു നാടിനും നാടിന്റേതായ പാരമ്പര്യങ്ങളും നിയമങ്ങളും സാംസ്കാരിക പൈതൃകവും ഉണ്ട്. ഈ നിയമങ്ങളെയും സാംസ്കാരികപൈതൃകത്തെയും, പാരമ്പര്യങ്ങളെയും മാനിക്കേണ്ടത് ഓരോരുത്തരുടേയും കടമയാണ്.

ഭാരതീയ പൈതൃകത്തിൽ അഭിമാനം കൊള്ളേണ്ടവരാണ് ഭാരതീയർ. ലോകത്തിലെ ആദ്യത്തെ സാംസ്കാരികതയാണ് ഭാരതസംസ്കാരം. പതിനായിരം വർഷങ്ങൾക്കു മുൻപേ സാംസ്കാരികതയുടെ ഈറ്റില്ലമായി മാറിയ ഇടമാണ് ഭാരതം. ലോകത്തിലെ ആദ്യത്തെ സർവ്വകലാശാലകൾ



സ്ഥാപിതമായത് ഇന്ത്യയിലാണ്, തക്ഷശിലയും നളന്ദയും. ബീജഗണിതം, ദശാംശം, ത്രികോണമിതി, കാൽക്കുലസ്, എന്നിവയൊക്കെ ഭാരതം ലോകത്തിന് നൽകിയ സംഭാവനകൾ ആണ്.
പ്രമുഖമായ നാല് മതങ്ങളുടെ ഈറ്റില്ലം ഭാരതമാണ്.
5000 വർഷങ്ങൾക്ക് മുമ്പ് ലോകത്തിന് ഭാരതം നൽകിയ സംഭാവനകളാണ് ആയുർവേദവും, യോഗശാസ്ത്രവും, തത്വശാസ്ത്ര ചിന്തകളും. അതുപോലെതന്നെ ചതുരംഗം, കബഡി പോലുള്ള കളികൾ ഇവിടെയാണ് തുടങ്ങിയത്. ഇന്ത്യ സുവർണ്ണതീരമെന്ന് അറിയപ്പെട്ടിരുന്നു. ഒരുകാലത്ത് ലോകത്തെ നയിച്ചിരുന്ന സൂപ്പർ പവർ ഇന്ത്യ ആയിരുന്നു. ലോകത്തിലെ ഏറ്റവും സമ്പന്ന രാഷ്ട്രമായി ഇന്ത്യ വിരാജിച്ചിരുന്ന കാലഘട്ടമുണ്ടായിരുന്നു! ഇടയ്ക്ക് ഇവയെല്ലാം ഒന്ന് ഓർക്കുന്നത് നല്ലതാണ്.
യഹൂദജനത അവരുടെതന്നെ അനാസ്ഥകളും അവിശ്വസ്ഥതകളും വിഭാഗീയതകളും നിമിത്തം വിപ്രവാസികളായി നാടുകടത്തപ്പെട്ടപ്പോൾ അവർ വിലപിച്ചു. സീയോനെ ഓർത്ത് ബാബിലോൺ നദിക്കരയിൽ ഇരുന്നു ഞങ്ങൾ കേഴുന്നു എന്ന് അവർ സങ്കീർത്തനങ്ങൾ കുറിച്ചു. സ്വർണ്ണമെന്തേ മങ്ങിപ്പോയി എന്ന് അവർ സ്വയം ചോദിച്ചു. നമ്മളും കൈവിട്ടുപോയ നന്മകളെക്കുറിച്ച് ഇടയ്ക്ക് ധ്യാനിക്കുവാൻ കൂടിയാണ് സ്വാതന്ത്ര്യദിനാഘോഷം ഓരോ വർഷവും വരുന്നത്. ഇന്ത്യയുടെ പൗരാണിക സമ്പന്നത വീണ്ടെടുക്കണമെങ്കിൽ പുതിയ തലമുറയെ നമ്മൾ അറിവിലും ജ്ഞാനത്തിലും ദൈവസ്നേഹത്തിലും വിദ്യാഭ്യാസപരമായ ശ്രേഷ്ഠതയിലും സാംസ്കാരികതയിലും വളർത്തിയെടുക്കണം. ലോകത്തിനു മുമ്പിൽ നമ്മൾ തലകുനിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്!

*1.അഴിമതി*
*2.പരിസര ശുചിത്വമില്ലായ്മ*
*3.മാലിന്യ സംസ്കരണ രംഗത്തെ പരാജയം*
*4.പ്രകൃതിയെ കൊന്നൊടുക്കി തിന്നൊടുക്കി ഇല്ലാതാക്കുന്ന രീതികൾ*
*5.വലിയ സാമ്പത്തിക അസന്തുലിതാവസ്ഥ*
*6.തൊഴിലില്ലായ്മ*
*7.യുവജനങ്ങളുടെ കൂട്ടപലായനം*
*ഈ അവസ്ഥകൾക്കൊക്കെ എങ്ങനെ മാറ്റം കൊണ്ടുവരാമെന്ന് ചിന്തിക്കുന്നത് നല്ലതാണ്.*

ഒരാൾക്ക് ലോകത്തിലെ മുഴുവൻ ഇരുട്ടു മാറ്റാൻ പറ്റില്ല. എന്നാൽ സ്വന്തം വീട്ടിൽ എങ്കിലും അല്പം മാറ്റം വരുത്താൻ പറ്റുമല്ലോ! അതിനുവേണ്ടി നമുക്ക് ആത്മാർത്ഥമായിട്ട് ശ്രമിക്കാം.

***ചോദ്യങ്ങൾ***

**1.വോട്ടവകാശം ഉപയോഗിക്കാതിരിക്കുന്നത് തെറ്റല്ലേ?**

**2.പരിസരശുചിത്വത്തിന്റെ കാര്യത്തിൽ കുടുംബകൂട്ടായ്മകളിൽ എന്ത് ചെയ്യാൻ സാധിക്കും?**

**3.ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ നമുക്ക് എങ്ങനെ പങ്കുചേരാൻ സാധിക്കും?**

**4.നമ്മുടെ കുഞ്ഞുങ്ങൾക്ക് കുറച്ചുകൂടി ലക്ഷ്യബോധവും പഠിച്ചുയരാനുള്ള താൽപര്യവും നൽകുവാൻ നമുക്ക് എന്തൊക്കെ ചെയ്യാനാവും?**

## എക്സോഡസ്സ് മീറ്റിംഗ്

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2026 ആഗസ്റ്റ് 30 ഞായറാഴ്ച 3 മണിക്ക് ആശിർഭവനിൽ

## ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ആഗസ്റ്റ് മാസത്തെ പരിപാടികൾ:

വിവാഹ ഒരുക്ക കോഴ്സ് : ആഗസ്റ്റ് 21, 22, 23 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.
മാതൃവേദി കൂട്ടായ്മ : ആഗസ്റ്റ് 15, ശനിയാഴ്ച രാവിലെ 10.00 ന്കൂനമ്മാവ് ബോയ്സ് ഹോമിൽ വച്ച് ഓണം സെലിബ്രേഷനോടുകൂടി നടത്തപ്പെടുന്നു.
വിധവ സംഗമം (അൽമാന) : ആഗസ്റ്റ് 13, വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന്
ഏകസ്ഥ കൂട്ടായ്മ : ആഗസ്റ്റ് 13, വ്യാഴാഴ്ച രാവിലെ 10.00 ന്
പ്രോലൈഫ് കൂട്ടായ്മ : ആഗസ്റ്റ് 8, ശനിയാഴ്ച വൈകിട്ട് 5.30 ന് ആശീർഭവനിൽ വച്ച് നടത്തപ്പെടുന്നു.

പിൻമൊഴി

# അതിർത്തികൾ



**ലിയോ തദേവൂസ്**
ഫിലിം ഡയറക്ടർ

*ഇന്ന് ലോകം വിവിധ വർണ്ണങ്ങളിലുള്ള
പതാകകളുടെ
നിരവധി കുടുസ്സ് പെട്ടികളായി മാറ്റിയിരിക്കുന്നു.
നമ്മുടെ സ്നേഹങ്ങൾ ചുരുങ്ങി ചുരുങ്ങി
ഒരു പെട്ടിക്കുള്ളിലായി.
ഓരോ പെട്ടിക്കുള്ളിലൂടെയും മറ്റൊരു പെട്ടിയെ
കാണുമ്പോഴുള്ള കാഴ്ചപ്പാട് വ്യത്യാസങ്ങൾ
നിരവധി.
ഇതൊരു വലിയ പെട്ടിയായിരുന്നു.
കാലക്രമേണ റീസൈസ്
ചെയ്യപ്പെടുകയായിരുന്നു.
യുദ്ധങ്ങൾ അതിരുകൾ
മാറി മാറി നിർണ്ണയിച്ചു.
വലിയ മത്സരത്തിന്
മനുഷ്യൻ അവൻ പോലും
അറിയാതെ ഒരുക്കപ്പെടുന്നു.
ദേശം, മതം, വർണ്ണം, സംസ്കാരം...
എന്നതിന്റെ പേരിൽ
മറ്റുള്ളവരെ ശത്രുവായി കാണാൻ
നമ്മെ ആരൊക്കെയോ പഠിപ്പിക്കുന്നു.
ഇവിടെ നമ്മുടെ അതിർത്തികൾ
ചുരുങ്ങി ചുരുങ്ങി
കടുകുമണിപോലെ ആകുന്നു.
തിരിച്ചറിയുക മനുഷ്യനാണ് അതിർത്തി.
മനുഷ്യനിലേക്ക്
സ്നേഹം പരക്കട്ടെ.
അതിന്, ദേശമോ, വർണ്ണമോ,
മതമോ, ഭാഷയോ...
ഒന്നും തടസ്സമാകാതിരിക്കട്ടെ.
ലോകാ: സമസ്താ
സുഖിനോ ഭവന്തു.*



ജീവദീപ്തിയിലെ പരസ്യങ്ങൾക്കും
വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം
ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004

*Book 08 - Volume 16  Jeevadeepthi August 2026 ( 44 pages)*




Printed, Published and owned by Fr. Yesudas Pazhampilly and printed at Sterling Print House Kochi - 682017  and published at Ashirbhavan, Kochi - 682018
Editor Fr. Antony Raphel komaramchath. Tel : 90720 26577